VOL NO: 10 I ISSUE 31

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 AUGUST 01 I ₹10



# ജെൻസി വിപ്ലവത്തിന്റെ രാഷ്ട്രീയ സന്ദേശം

പ്രതിഷേധങ്ങൾക്കും പ്രതിരോധങ്ങൾക്കും പുതിയ മാതൃകകൾ സൃഷ്ടിച്ച ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. പലതും പിന്നീട് ലോകം നെഞ്ചേറ്റുകയും ചെയ്തു. എന്നാൽ പുതുതലമുറയുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട ന്യൂജെൻ സമരമായിരുന്നു ഇപ്രാവശ്യം ജന്തർമന്തറിൽ നടന്നത്. പ്രത്യക്ഷത്തിൽ അവർ വിജയിക്കുകയും ചെയ്തു. യഥാർഥത്തിൽ ഈ സമരം മുന്നോട്ടുവെക്കുന്ന രാഷ്ട്രീയ സന്ദേശം എന്താണ്?

## ജീവിത പ്രതിസന്ധികളും ഇസ്‌ലാമിക അതിജീവനവും

## പ്രവാചക ദൗത്യത്തിന്റെ ലക്ഷ്യവും മനുഷ്യനോടുള്ള ഗുണകാംക്ഷയും

## യുവരോഷത്തിന്റെ കാഹളവും തെരുവിലെ 'പാറ്റ'കളും

സി മുഹമ്മദ് അജ്മൽ ● ഡോ. സജ്ന ● ടി.കെ അശ്റഫ്

# ദാനം ചുരുക്കിയാൽ ധനം വളരില്ല!

WISDOM Teachers Care

“നീ ചെലവഴിക്കുക, എണ്ണിക്കണക്കാക്കരുത്;
അപ്പോൾ നിനക്കുള്ളത് അല്ലാഹുവും കണക്കാക്കും.
(നൽകാതെ) പൂട്ടി വെക്കരുത്; അപ്പോൾ നിനക്കുള്ളത്
അല്ലാഹുവും പൂട്ടി വെക്കും.”

– (ബുഖാരി, മുസ്ലിം)




# ഫണ്ട് സമാഹരണം

## 2026 ഓഗസ്റ്റ് 7, 8, 9

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

**WISDOM EDUCATION BOARD**
**ACCOUNT NO: 922020036184656**
**IFSC: UTIB0001908**
**AXIS BANK KALLAI ROAD BRANCH**

Wisdom Islamic Organization
CV Complex, PV Swami Road, Kozhikode-2
For More: +91 90726 60202

# 497

## നേർപഥം വാരിക

2026 ആഗസ്റ്റ് 01
1448 സ്വഫർ 18
പുസ്തകം 10 / ലക്കം 31

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**








കവർ സ്റ്റോറി

**10** ജെൻസി വിപ്ലവത്തിന്റെ രാഷ്ട്രീയ സന്ദേശം

സി മുഹമ്മദ് അജ്മൽ

പ്രതിഷേധങ്ങൾക്കും പ്രതിരോധങ്ങൾക്കും പുതിയ മാതൃകകൾ സൃഷ്ടിച്ച ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. പലതും പിന്നീട് ലോകം നെഞ്ചേറ്റുകയും ചെയ്തു. എന്നാൽ പുതുത ലമുറയുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട ന്യൂജെൻ സമരമായി രുന്നു ഇപ്രാവശ്യം ജന്തർമന്തറിൽ നടന്നത്. പ്രത്യക്ഷത്തിൽ അവർ വിജയിക്കുകയും ചെയ്തു. യഥാർഥത്തിൽ ഈ സമരം മുന്നോട്ടുവെക്കുന്ന രാഷ്ട്രീയ സന്ദേശം എന്താണ്?

**05** മുഖമൊഴി
യുവരോഷത്തിന്റെ കാഹളവും തെരുവിലെ 'പാറ്റ'കളും

**06** ലേഖനം
പ്രവാചക ദൗത്യത്തിന്റെ ലക്ഷ്യവും മനുഷ്യനോടുള്ള ഗുണകാംക്ഷയും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**08** ആരോഗ്യപഥം
പ്രസവാനന്തര മാനസികാരോഗ്യം
ഡോ.സജ്ന പെരിന്തൽമണ്ണ

**18** ലേഖനം
ജീവിത പ്രതിസന്ധികളും ഇസ്‌ലാമിക അതിജീവനവും
ടി.കെ അശ്‌റഫ്

**21** ലേഖനം
സ്വൂഫിസത്തിന്റെ കടന്നുവരവ്
മുഹമ്മദ് ഫയാസ്, നാദാപുരം

**23** പഠനം
ശീഇസത്തിന്റെ തായ്‌വേരുകൾ
ഡോ. ടി. കെ. യൂസുഫ്

**24** ലേഖനം
വ്യക്തമായ തെളിവ്
അബൂ ഹുദ

**26** വിമർശനം
തൗഹീദ് തിരുത്തിയവർക്ക് തിരിച്ചടിയാകുന്ന 'ശബാബ്' നിലപാടുകൾ
മൂസ സ്വലാഹി കാര

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കഥ
മഴയിൽ അലിഞ്ഞ മനങ്ങൾ!
സിനി. ടി. കെ, മണ്ണാർക്കാട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# നിക്ഷേപങ്ങൾക്ക് സുരക്ഷയുറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം: വിസ്ഡം യൂത്ത്

## വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ സമാപിച്ചു

തിരൂർ: സ്റ്റാർട്ടപ്പുകളുടെ പേരിൽ നടക്കുന്ന സാമ്പത്തിക തട്ടിപ്പുകൾ ഇല്ലാതാക്കി നിക്ഷേപങ്ങൾക്ക് സുരക്ഷയുറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് വിസ്ഡം യൂത്ത് തിരൂരിൽ സംഘടിപ്പിച്ച സംസ്ഥാന കൗൺസിൽ ആവശ്യപ്പെട്ടു.

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും തൊഴിലവസര സൃഷ്ടിയിലും സ്റ്റാർട്ടപ്പുകൾ നിർണായക പങ്കുവഹിക്കുന്ന സാഹചര്യത്തിൽ, ഈ മേഖലയെ ദുരുപയോഗം ചെയ്ത് സാധാരണക്കാരിൽനിന്ന് നിക്ഷേപം തട്ടിയെടുക്കുന്ന പ്രവണത വർധിക്കുന്നതായി കൗൺസിൽ ചൂണ്ടിക്കാട്ടി. 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,' 'ബ്ലോക്ക്ചെയിൻ,' 'ഡിജിറ്റൽ ആസ്തി,' 'ഹൈ റിട്ടേൺ ഇൻവെസ്റ്റ്മെന്റ്' തുടങ്ങിയ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച് വൻലാഭം വാഗ്ദാനം ചെയ്ത് നിക്ഷേപം സമാഹരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ സുതാര്യമായ രജിസ്ട്രേഷൻ സംവിധാനം, നിർബന്ധിത സാമ്പത്തിക വെളിപ്പെടുത്തൽ, കൃത്യമായ ഓഡിറ്റിംഗ്, നിക്ഷേപക സംരക്ഷണ മാനദണ്ഡങ്ങൾ എന്നിവ നടപ്പാക്കണമെന്നും സാമ്പത്തിക തട്ടിപ്പുകൾക്കെതിരായ നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കുറ്റക്കാർക്ക് വേഗത്തിലും കർശനമായും ശിക്ഷ ഉറപ്പാക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

അസാധാരണമായ ലാഭവാഗ്ദാനങ്ങൾ, വ്യക്തതയില്ലാത്ത ബിസിനസ് മാതൃകകൾ, അമിത റഫറൽ സംവിധാനങ്ങൾ, പരിശോധിക്കാനാവാത്ത സാമ്പത്തിക അവകാശവാദങ്ങൾ എന്നിവയോട് പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും സാമ്പത്തിക സാക്ഷരത വർധിപ്പിക്കുന്നതിന് യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്നും കൗൺസിൽ ആഹ്വാനം ചെയ്തു.

യഥാർഥ നവസംരംഭങ്ങളെ സംരക്ഷിക്കുകയും സ്റ്റാർട്ടപ്പുകളുടെ പേരിൽ നടക്കുന്ന സാമ്പത്തിക ചൂഷണങ്ങളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും ചെയ്യുന്നത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണെന്നും വിസ്ഡം യൂത്ത് കൗൺസിൽ പ്രസ്താവനയിൽ വ്യക്തമാക്കി.

തൂഫാൻ കാറ്റലിസ്റ്റ്, ലഹരി വിരുദ്ധ ക്യാംപെയിൻ, ഖുർആൻ-ഹദീസ് ലേണിംഗ് സ്കൂൾ, ഡയലോഗ്, ട്രീറ്റ്, സ്വയംതൊഴിൽ, മുഖാമുഖം, ലീഡ് ജില്ലാ സംഗമങ്ങൾ തുടങ്ങി അടുത്ത ആറുമാസ കാലത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നൽകി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ടി. കെ. നിഷാദ് സലഫി അധ്യക്ഷത വഹിച്ചു.

'ലഹരി മോചനം സാധ്യമാണ്'-തൂഫാൻ കാറ്റലൈസ് കാമ്പയിൻ പ്രഖ്യാപനം എം.എൽ.എ വി. എസ്. ജോയ് നിർവഹിച്ചു. ഡോ. വിപി ബഷീർ, പികെ. ശരീഫ് ഏലാങ്കോട്, താജുദ്ദീൻ സ്വലാഹി, ഡോ പിപി നസീഫ്, പിഎച്ച്. മെഹബൂബ്, ടികെ ഉബൈദ്, ഷമീൽ അരീക്കോട്, അമീർ അത്തോളി, സി. അബ്ദുറഹ്മാൻ, സഫീർ അൽഹികമി എന്നിവർ സംസാരിച്ചു.

മുഖമൊഴി

# യുവരോഷത്തിന്റെ കാഹളവും തെരുവിലെ 'പാറ്റ'കളും

ദില്ലിയിലെ ജന്തർ മന്തറിൽ രാജ്യം കണ്ടത് വെറുമൊരു വിദ്യാർഥി പ്രക്ഷോഭമല്ല; ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽത്തന്നെ പുതിയൊരധ്യായം കുറിച്ച ജെൻ സി (Gen Z) തലമുറയുടെ ചെറുത്തുനിൽപ്പാണ്. 'കോക്രോച്ച് ജനതാപാർട്ടി' (CJP) എന്ന പേരിൽ, സറ്റയറും പ്രതിരോധവും ആയുധമാക്കി യുവാക്കൾ നടത്തിയ സമരം അധികാരികളുടെ കസേരകളെ ഉലച്ചുവെന്നതിൽ സംശയമില്ല. നീറ്റ് പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ചയ്ക്കും തൊഴിലില്ലായ്മക്കുമെതിരെ ഉയർന്ന ഈ യുവരോഷം, അവഗണനയുടെ രാഷ്ട്രീയത്തിനെതിരെയുള്ള വ്യക്തമായ മുന്നറിയിപ്പാണ്.

ചോദ്യപ്പേപ്പർ ചോർച്ചയും പരീക്ഷാ തട്ടിപ്പുകളും ലക്ഷക്കണക്കിന് ഉദ്യോഗാർഥികളുടെയും വിദ്യാർഥികളുടെയും ജീവിതവും പ്രതീക്ഷകളുമാണ് ഇല്ലാതാക്കുന്നത്. അനീതിക്കെതിരെ ചോദ്യങ്ങൾ ചോദിച്ച തൊഴിൽരഹിതരായ യുവാക്കളെ അധിക്ഷേപിക്കുന്ന നിലപാടുകൾ ഉയർന്നപ്പോൾ, ആ അധിക്ഷേപത്തെത്തന്നെ സ്വന്തം അടയാളമാക്കി മാറ്റിയാണ് അവർ 'പാറ്റ' എന്ന പേരിൽ പ്രക്ഷോഭത്തിനിറങ്ങിയത്. പരമ്പരാഗത രാഷ്ട്രീയ പാർട്ടി ചട്ടക്കൂടുകൾക്ക് പുറത്തുനിന്ന്, സോഷ്യൽ മീഡിയയെയും തെരുവിനെയും ഒരുപോലെ പ്രക്ഷോഭ വേദിയാക്കാൻ ഈ പുതിയ തലമുറയ്ക്ക് കഴിഞ്ഞു.

അടിച്ചമർത്തലുകൾകൊണ്ടും ജനവിരുദ്ധമായ പ്രസ്താവനകൾകൊണ്ടും ഈ പ്രക്ഷോഭത്തെ നേരിടാൻ ശ്രമിച്ചത് ജനാധിപത്യപരമായ സമീപനമായിരുന്നില്ല. അത് കൂടുതൽ സമരവീര്യം യുവാക്കൾക്ക് പകർന്നു നൽകുകയാണുണ്ടായത്. അസാമാന്യ ധീരതയാണ് അവർ പ്രകടിപ്പിച്ചത്. വടിയും വെടിയുംകൊണ്ട് അവരെ പിന്തിരിപ്പിക്കാൻ കഴിയുമായിരുന്നില്ല. ജലപീരങ്കി പ്രയോഗം മഴനൃത്തമായി അവർ ആഘോഷിക്കുകയാണുണ്ടായത്.

ജന്തർ മന്തറിലെ തെരുവുവിളക്കുകൾ അണച്ചും ജലലഭ്യത തടഞ്ഞും മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടും വിദ്യാർഥികളെ നേരിട്ടപ്പോൾ, അത് കൂടുതൽ പ്രതിഷേധങ്ങൾക്കാണ് വഴിമരുന്നിട്ടത്. വെള്ളവും ഭക്ഷണവും കിട്ടാതെ സമരക്കാർക്ക് പ്രയാസപ്പെടേണ്ടിവന്നില്ല. അവയെല്ലാം അങ്ങോട്ട് ഒഴുകിയെത്തുകയായിരുന്നു. ഒടുവിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജിയടക്കമുള്ള രാഷ്ട്രീയ തീരുമാനങ്ങളിലേക്ക് സർക്കാരിന് കടക്കേണ്ടിവന്നത്, തങ്ങളെ അടിച്ചമർത്താനാവില്ലെന്ന യുവാക്കളുടെ ഉറച്ച നിലപാടിന്റെ വിജയമാണ്.

ഇതൊരു സമരത്തിന്റെ അവസാനമല്ല, മറിച്ച് രാജ്യത്തെ യുവാക്കളുടെ ശബ്ദം ഇനിയും അവഗണിക്കാനാവില്ലെന്ന തിരിച്ചറിവാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിലെ അഴിമതികൾ തുടച്ചുനീക്കാനും പരീക്ഷകളുടെ സുതാര്യത ഉറപ്പാക്കാനും ശക്തമായ നിയമനിർമാണങ്ങൾ ഉണ്ടായേ തീരൂ. വരുംതലമുറയുടെ ഭാവിയെ കരുതി ഇത്തരം പ്രക്ഷോഭങ്ങൾ നൽകുന്ന പാഠങ്ങൾ ഉൾക്കൊള്ളാൻ ഭരണാധികാരികൾ തയ്യാറാകേണ്ടതുണ്ട്.

ഒരു രാജ്യത്തിന്റെ ഭാവിയും പ്രതീക്ഷയും അവിടത്തെ യുവതലമുറയിലാണ് കുടികൊള്ളുന്നത്. മാറ്റത്തിന്റെ കൊടുങ്കാറ്റുകൾ സൃഷ്ടിക്കാനും സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാനും പ്രാപ്തിയുള്ള ഊർജത്തിന്റെ സ്രോതസ്സാണ് യുവത്വം. ആ കർമശേഷിയും ആവേശവും എവിടെ, എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഏതൊരു സമൂഹത്തിന്റെയും നിലനിൽപ്പ്. ചുറ്റുമുള്ള അനീതികൾക്കും അസമത്വങ്ങൾക്കുമെതിരെ ശക്തമായ പ്രതിരോധമായി മാറുകയാണ് ഇന്നത്തെ യുവത്വത്തിന്റെ പ്രധാന ചുമതല. അനീതി കണ്ടാൽ കണ്ണടച്ചുപോകാതെ, അതിനോട് കലഹിക്കാനും ചോദ്യം ചെയ്യാനുമുള്ള ആർജവമാണ് യുവത്വത്തിന്റെ യഥാർഥ ലക്ഷണം.



ക്വുർആനിലെ സാർവലൗകിക വിളികൾ 17

# പ്രവാചക ദൗത്യത്തിന്റെ ലക്ഷ്യവും മനുഷ്യനോടുള്ള ഗുണകാംക്ഷയും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

മനുഷ്യർ പലപ്പോഴും ചിന്തിക്കാറുള്ളത് പ്രവാചകന്മാർ വന്നത് തങ്ങളെ നിർബന്ധിച്ച് വഴിനടത്താനോ ശിക്ഷിക്കാനോ ആണെന്നാണ്. എന്നാൽ, കാരുണ്യവാനായ അല്ലാഹു മനുഷ്യർക്ക് നൽകുന്ന ഒരു വലിയ അനുഗ്രഹമാണ് പ്രവാചകത്വ ദൗത്യം. വഴിയറിയാതെ നിൽക്കുന്ന മനുഷ്യർക്ക് മുന്നിൽ, വരാനിരിക്കുന്ന ഒരു വലിയ അപകടത്തെക്കുറിച്ച് തുറന്നുപറയാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്ന് പ്രഖ്യാപിക്കാൻ അല്ലാഹു പ്രവാചകനോട് കൽപിക്കുന്നു:

قُلْ يَا أَيُّهَا النَّاسُ إِنَّمَا أَنَا لَكُمْ نَذِيرٌ مُّبِينٌ ﴿٤٩﴾

“(നബിയേ) പറയുക: ‘ഹേ, മനുഷ്യരേ! നിശ്ചയമായും ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്” (ക്വുർആൻ 22:49)

താൻ ജനങ്ങളുടെ മേൽ അധികാരം പ്രയോഗിക്കാൻ വന്നവനല്ലെന്നും, വരാനിരിക്കുന്ന വിനാശകരമായ അവസ്ഥകളെക്കുറിച്ച് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കൃത്യമായി ഓർമിപ്പിക്കാൻ വന്നവൻ മാത്രമാണെന്നും ജനങ്ങളോട് വിളിച്ചുപറയാനാണ് പ്രവാചകനോട് ഇവിടെ കൽപിക്കുന്നത്. മനുഷ്യന്റെ ബുദ്ധിയെയും വിവേകത്തെയും മാനിച്ചുകൊണ്ട്, ചിന്തിച്ചു തീരുമാനമെടുക്കാനുള്ള അവസരമാണ് ഇതിലൂടെ തുറന്നുനൽകപ്പെടുന്നത്.

**വ്യക്തമായ താക്കീതുകാരൻ**

സ്നേഹത്തോടെ, അപകടത്തെക്കുറിച്ച് മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്നവനാണ് 'നദീർ.' ഒരു വഴിയാത്രക്കാരൻ മുന്നോട്ട് പോകുമ്പോൾ വഴിയിൽ വലിയൊരു കുഴിയുണ്ടെന്ന് മറ്റൊരാൾ വിളിച്ചുപറയുന്നത് അവനോടുള്ള ശത്രുതകൊണ്ടല്ല, സ്നേഹവും ഗുണകാംക്ഷയുംകൊണ്ടാണ്.

അതുപോലെ, പരലോകവിചാരണയും നരകശിക്ഷയും വരാനിരിക്കുന്നുണ്ടെന്നും നരകത്തിൽ വീണു പോകാതെ സൂക്ഷിക്കണമെന്നും മനുഷ്യരാശിയെ വിളിച്ചോതുന്ന കാരുണ്യത്തിന്റെ ശബ്ദമാണ് പ്രവാചകത്വം. ഈ താക്കീത് ഒളിച്ചുവെക്കാതെ തികച്ചും വ്യക്തമായി (മുബീൻ) ജനങ്ങളിലെത്തിക്കുക എന്നതാണ് പ്രവാചകന്റെ ചുമതല.

ഒരു അധ്യാപകൻ പരീക്ഷയ്ക്ക് മുമ്പ് കുട്ടികൾക്ക് മുന്നറിയിപ്പ് നൽകുന്നത് അവരെ പരാജയപ്പെടുത്താനല്ല, ജയിപ്പിക്കാനാണ്. പ്രവാചകന്റെ താക്കീതുകളും ഇതേ ഗുണകാംക്ഷയോടെയുള്ളതാണ്. യാഥാർഥ്യങ്ങൾ മറച്ചുവെക്കാതെ, സത്യം എന്താണെന്ന് വെട്ടിത്തുറന്നു പറയുന്നതിലൂടെ മനുഷ്യന് സ്വയം തിരുത്താനുള്ള ഏറ്റവും വലിയ അവസരമാണ് ലഭിക്കുന്നത്.

**ബലപ്രയോഗമില്ലാത്ത ആദർശം**

'ഞാൻ താക്കീതുകാരൻ മാത്രമാകുന്നു' എന്ന് പറയുന്നതിലൂടെ ഒരു വലിയ സത്യം വെളിപ്പെടുന്നുണ്ട്; ജനങ്ങളെ നിർബന്ധിച്ച് വിശ്വസിപ്പിക്കാനോ വിശ്വസിക്കാത്തവരെ ശിക്ഷിക്കാനോ ഉള്ള അധികാരം പ്രവാചകന് നൽകപ്പെട്ടിട്ടില്ല. വിശ്വാസം എന്നത് ഹൃദയത്തിൽനിന്ന് ഉണ്ടാകേണ്ടതാണ്. പരലോകത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് കേട്ടശേഷം അത് സ്വീകരിക്കണോ തള്ളിക്കളയണോ എന്ന സ്വാതന്ത്ര്യം മനുഷ്യനുണ്ട്. സത്യം പറഞ്ഞുകൊടുക്കുക എന്നതിനപ്പുറം ആരുടെയും മേൽ ബലപ്രയോഗം നടത്താൻ ഇസ്‌ലാം അനുവദിക്കുന്നില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു.

മതത്തിൽ യാതൊരുവിധ നിർബന്ധവുമില്ലെന്ന ഖുർആനിക അധ്യാപനത്തിന്റെ സാക്ഷ്യപത്ര മാണിത്. പ്രവാചകന്റെ ദൗത്യം കേവലം എത്തിച്ചുകൊടുക്കൽ (ബലാഗ്) മാത്രമാണ്. ആർക്കെങ്കിലും ഈ സന്ദേശം സ്വീകരിക്കാൻ താൽപര്യമില്ലെങ്കിൽ അതിന്റെ പൂർണമായ ഉത്തരവാദിത്തം അവർക്ക് മാത്രമായിരിക്കും; പ്രവാചകന് അതിന്റെ പേരിൽ യാതൊരു ബാധ്യതയുമില്ല.

ഖുർആൻ ഇവിടെ 'വിശ്വാസികളേ' എന്നല്ല വിളിക്കുന്നത്, 'യാ അയ്യുഹന്നാസ്' (ഹേ, മനുഷ്യരേ) എന്നാണ്. അതുകൊണ്ട്തന്നെ പ്രവാചകന്റെ ഈ മുന്നറിയിപ്പ് ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടിയുള്ള തല്ല, ലോകത്തുള്ള മുഴുവൻ മനുഷ്യർക്കും വേണ്ടിയുള്ളതാണ്.

ജാതി, മത, ദേശഭേദമന്യെ എല്ലാ മനുഷ്യരിലേക്കും അല്ലാഹുവിന്റെ സന്ദേശം എത്തിക്കുക എന്നതാണ് പ്രവാചക ദൗത്യം. ഈ ആഹ്വാനം ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിലോ പ്രദേശത്തോ ജീവിച്ചവരോട് മാത്രമായുള്ളതല്ല; ലോകാവസാനം വരെയുള്ള മനുഷ്യരോട് മുഴുവനുമായുള്ളതാണ്.

മാനവരാശി മുഴുവൻ ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളാണെന്ന സത്യത്തിലൂന്നിയാണ് ഖുർആൻ സംസാരിക്കുന്നത്. പ്രവാചകൻ(സ്വ) പഠിപ്പിച്ച കാരുണ്യത്തിന്റെ സന്ദേശവും പരലോകത്തെക്കുറിച്ചുള്ള താക്കീതും ഈ ഭൂമിയിലെ എല്ലാ മനുഷ്യർക്കും ഒരുപോലെ ബാധകമായതാണ്.

*(തുടരും)*

# പ്രസവാനന്തര മാനസികാരോഗ്യം

ഡോ.സജ്‌ന പെരിന്തൽമണ്ണ

ഒരു കുഞ്ഞിന്റെ ജനനം ഒരു കുടുംബത്തിന് സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പുതിയ തുടക്കമാണ്. എന്നാൽ ഈ സന്തോഷത്തിനിടയിലും പല സ്ത്രീകളും പറയാൻ മടിക്കുന്ന മാനസിക പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. 'എല്ലാവർക്കും ഇങ്ങനെയൊക്കെ ഉണ്ടാകാറുണ്ട്. അത് നിനക്ക് ക്ഷീണം കൊണ്ട് തോന്നുന്നതാകാം...' എന്നൊക്കെ പറഞ്ഞ് അതിനെ വീട്ടുകാർ അവഗണിക്കുന്നതായി കാണാറുണ്ട്. എന്നാൽ ചിലപ്പോൾ ഇത് ചികിത്സ ആവശ്യമായ ഒരു മാനസിക പ്രശ്നമാകാം.

പ്രസവാനന്തര മാനസികാരോഗ്യം എന്താണ്, അതിലുണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ, കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധമാർഗങ്ങൾ, ചികിത്സാരീതികൾ എന്നിവ മനസ്സിലാക്കാം:

**പ്രസവാനന്തര മാനസികാരോഗ്യം**

ഗർഭകാലത്തും പ്രസവശേഷവും സ്ത്രീയുടെ ശരീരത്തിലും മനസ്സിലും വലിയ മാറ്റങ്ങളാണ് സംഭവിക്കുന്നത്. ഹോർമോണുകളുടെ വ്യതിയാനം, ഉറക്കക്കുറവ്, കുഞ്ഞിന്റെ പരിചരണത്തിന്റെ ഉത്തരവാദിത്തം, പുതിയ ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള അവളുടെ ബുദ്ധിമുട്ട് എന്നിവയെല്ലാം മാനസികാരോഗ്യത്തെ സ്വാധീനിക്കുന്നു .

എല്ലാ മാനസികമാറ്റങ്ങളും രോഗമല്ല. എന്നാൽ അവ ദൈനംദിന ജീവിതത്തെയും കുഞ്ഞിന്റെ പരിചരണത്തെയും കുടുംബ ജീവിതത്തെയും ബാധിക്കുന്ന രീതിയിൽ തുടരുകയാണെങ്കിൽ ചികിത്സ തേടേണ്ടതാണ്.

**പ്രസവാനന്തര മാനസികാവസ്ഥയുടെ മൂന്നു ഘട്ടങ്ങൾ**

*പ്രസവാനന്തര മനോവിഷമം (പോസ്റ്റ് പാർട്ടം ബ്ലൂസ്):*

ഏറ്റവും സാധാരണയായി കാണുന്ന അവസ്ഥ. ഏകദേശം 70-80 ശതമാനം സ്ത്രീകൾക്ക് ഇത് അനുഭവപ്പെടാം. പ്രസവശേഷം രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ആരംഭിച്ച് രണ്ടാഴ്ച്ചയ്ക്കുള്ളിൽ മാറും.

*ലക്ഷണങ്ങൾ:* ചെറിയ കാര്യങ്ങൾക്ക് കരച്ചിൽ, മാനസിക ചാഞ്ചാട്ടം, (mood swings) ഉത്കണ്ഠ, ക്ഷീണം, ഉറക്കക്കുറവ്, ഒന്നിലും താൽപര്യമില്ലായ്മ.

ഈ അവസ്ഥയിൽ സാധാരണ പ്രത്യേക ചികിത്സ ആവശ്യമില്ല. ഇത് ലഘുവായതും താൽക്കാലികമായി മാത്രം ഉണ്ടാകുന്നതുമാണ്. സ്വയം തരണം ചെയ്തു മാറ്റിയെടുക്കാം. കുടുംബത്തിന്റെ പിന്തുണയും വിശ്രമവും മതിയാകും.

*പ്രസവാനന്തര മാനസിക വിഭ്രാന്തി (പോസ്റ്റ് പാർട്ടം സൈക്കോസിസ്):*

ഇത് വളരെ അപൂർവമാണെങ്കിലും അടിയന്തര ചികിത്സ ആവശ്യമായ അവസ്ഥയാണ്.

*ലക്ഷണങ്ങൾ:* യഥാർഥ ബോധം നഷ്ടപ്പെടുക, ഇല്ലാത്ത ശബ്ദങ്ങൾ കേൾക്കുകയോ കാര്യങ്ങൾ കാണുകയോ ചെയ്യുക (hallucinations), തെറ്റായ പല വിശ്വാസങ്ങൾ (delusions), കടുത്ത ആശയക്കുഴപ്പം, അസാധാരണമായ പെരുമാറ്റം, സ്വന്തത്തിനും കുഞ്ഞിനും അപകടം വരുത്താനുള്ള സാധ്യത... ഇത്തരത്തിലുള്ള അതീവ ഗുരുതരമായ ലക്ഷണങ്ങൾ കണ്ടാൽ അടിയന്തര ചികിത്സ അത്യാവശ്യമാണ്

*പ്രസവാനന്തര വിഷാദം (postpartum depression):*

പ്രസവശേഷം ഏതാനും ആഴ്ചകൾക്കോ മാസങ്ങൾക്കോ ശേഷം തുടങ്ങാം. ഇത് ചികിത്സ ആവശ്യമായ ഒരു അവസ്ഥയാണ്.

*ലക്ഷണങ്ങൾ:* രണ്ടാഴ്ച്ചയിൽ അധികം നീണ്ടുനിൽക്കുന്ന വിഷാദം, ഒന്നിലും സന്തോഷം തോന്നാതിരിക്കുക, ആത്മവിശ്വാസക്കുറവ്, വിശപ്പിലും ഉറക്കത്തിലും മാറ്റം, മുമ്പ് ഇഷ്ടപ്പെട്ട കാര്യങ്ങളിൽ താൽപര്യം നഷ്ടപ്പെടുക, ഞാൻ നല്ല ഉമ്മയല്ല എന്ന കുറ്റബോധം, കുഞ്ഞിനോട് അടുപ്പം തോന്നാതിരിക്കുക, ശ്രദ്ധക്കുറവ്, അമിതമായ ഉൽക്കണ്ഠ.

ഇത് ചികിത്സ ആവശ്യമായ അവസ്ഥയായതിനാൽ ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടണം.

**പ്രസവാനന്തര വിഷാദ കാരണങ്ങൾ**

പ്രസവശേഷം ശരീരത്തിലെ oestrogen, progesterone തുടങ്ങിയ ഹോർമോണുകളുടെ പെട്ടെന്നുള്ള വ്യതിയാനം, ഉറക്കക്കുറവും അമിതമായ ക്ഷീണവും, ആദ്യമായി ഉമ്മയാകുന്നതിന്റെ മാനസിക സമ്മർദം, സാമ്പത്തികമോ ദാമ്പത്യബന്ധത്തിലുള്ളതോ ആയ പ്രശ്നങ്ങൾ, കുടുംബ പിന്തുണയുടെ അഭാവം, മുമ്പ് വിഷാദരോഗമോ ഉത്കണ്ഠയോ ഉണ്ടായിരുന്നവർ, ഗർഭകാലത്തെ സങ്കീർണതകൾ, കഠിനമായ പ്രസവം അല്ലെങ്കിൽ ആഘാതകരമായ പ്രസവാനുഭവം തുടങ്ങിയവ വൈകാരികവും ശാരീരികവുമായ സമ്മർദം വർധിപ്പിക്കുന്നു. മാസം തികയാതെയുള്ള പ്രസവം അല്ലെങ്കിൽ മെഡിക്കൽ അവസ്ഥകൾ പോലുള്ള കുഞ്ഞിന്റെ ആരോഗ്യപ്രശ്നങ്ങളും പ്രസവാനന്തര കാലഘട്ടത്തിൽ ഉത്കണ്ഠയും വൈകാരിക സമ്മർദവും വർധിപ്പിക്കുന്നു.

**പ്രതിരോധ മാർഗങ്ങളും ചികിത്സാരീതികളും**

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ലോകത്ത് ഓരോ 7 മുതൽ 10വരെ സ്ത്രീകളിൽ ഒരാൾക്ക് പ്രസവാനന്തര വിഷാദം അനുഭവപ്പെടുന്നു. ഇന്ത്യയിലെ വിവിധ പഠനങ്ങൾ പ്രകാരം ഏകദേശം 15 മുതൽ 22% വരെ സ്ത്രീകൾ ഈ പ്രശ്നം നേരിടുന്നുണ്ട്. എന്നാൽ സമയബന്ധിതമായ തിരിച്ചറിവും ചികിത്സയും ലഭിച്ചാൽ ഭൂരിഭാഗം സ്ത്രീകൾക്കും പൂർണമായും സുഖം പ്രാപിക്കാനാകും.

*പ്രതിരോധ മാർഗങ്ങൾ:*

വിഷാദം എല്ലാ സാഹചര്യങ്ങളിലും പൂർണമായും തടയാൻ കഴിയണമെന്നില്ല. എന്നാൽ അതിന്റെ സാധ്യത കുറയ്ക്കാൻ ലളിതമായ കാര്യങ്ങൾ ശ്രദ്ധിക്കാം.

- ഗർഭകാലം മുതൽതന്നെ അവളുടെ മാനസികാരോഗ്യത്തിന് പ്രാധാന്യം നൽകണം.
- ഗർഭിണിയാകുമ്പോൾ അനാവശ്യമായ തർക്കങ്ങളിലും സംസാരങ്ങളിലും ഇടപെടാതിരിക്കുക.
- കുടുംബാംഗങ്ങളുടെയും ഭർത്താവിന്റെയും പിന്തുണ അവൾക്ക് ആത്മവിശ്വാസവും മാനസിക സുരക്ഷിതത്വവും നൽകുന്നു.
- ആവശ്യത്തിന് ഉറക്കവും വിശ്രമവും ഉറപ്പാക്കണം.
- പോഷകസമൃദ്ധമായ സമീകൃതാഹാരം, ആവശ്യത്തിന് വെള്ളം കുടിക്കൽ, ഡോക്ടറുടെ നിർദേശപ്രകാരം ലഘുവായ വ്യായാമം, നടത്തം എന്നിവ ശീലമാക്കുന്നത് ശാരീരിക-മാനസിക ആരോഗ്യം നിലനിർത്താൻ സഹായിക്കും.
- മനസ്സിലെ വിഷമങ്ങൾ തുറന്നു പറയാൻ മടിക്കാതിരിക്കുക, സ്വന്തം വികാരങ്ങളും ആശങ്കകളും വിശ്വസിക്കുന്നവരുമായി തുറന്നു പങ്കുവയ്ക്കാം.

പ്രസവാനന്തര വിഷാദം ഒരു സ്ത്രീയുടെ ബലഹീനതയല്ല. ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന ഒരു ആരോഗ്യപ്രശ്നമാണ്. നേരത്തെ ചികിത്സ ആരംഭിക്കുന്നത് ഏറ്റവും പ്രധാനമാണ്. ലഘുവായ വിഷാദത്തിൽ കൗൺസിലിംഗും കുടുംബത്തിന്റെ പിന്തുണയും മതിയാകും. ചികിത്സയിൽ ഓരോ വ്യക്തിയുടെയും വിഷാദരോഗത്തിന്റെ തീവ്രതയ്ക്കനുസരിച്ച് മാറ്റം വരാം.

CBT (Cognitive Behavioral Therapy), IPT (Interpersonal Therapy), Healing Therapy പോലെയുള്ള തെറാപ്പികളും മരുന്നുകളും ഡോക്ടറുടെ നിർദേശപ്രകാരം തീരുമാനിക്കാം.

പ്രസവാനന്തര കാലഘട്ടത്തിൽ മാനസികാരോഗ്യത്തിന് വലിയ പങ്കുണ്ട്. ശരിയായ ജീവിതശൈലി, സമയബന്ധിതമായ ചികിത്സ, ആവശ്യമായ വൈദ്യപരിചരണം, കുടുംബത്തിന്റെ പിന്തുണ, എന്നിവയി ലൂടെ പൂർണ ആരോഗ്യം വീണ്ടെടുക്കാൻ സാധിക്കും.

ആവശ്യഘട്ടങ്ങളിൽ ചികിത്സ സ്വീകരിക്കുന്നതോടൊപ്പം അല്ലാഹുവിൽ ഭരമേൽപിച്ച് ദിക്റുകളും പ്രാർഥനകളും ക്വുർആൻ പാരായണവുമായി മനസ്സിനെ ശാന്തമാക്കാനും ശ്രമിക്കണം. എല്ലാ പ്രയാസ ങ്ങളും താൽക്കാലികമാണെന്നും ക്ഷമയോടെ അവയെ നേരിടണമെന്നും എല്ലാ പ്രയാസങ്ങൾക്കും ശേഷം ആശ്വാസമുണ്ടാകും എന്നും ക്വുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

“ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്” (ക്വുർആൻ 13:28). “എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും” (ക്വുർആൻ 94:5,6).

ഓരോ പുതിയ മാതാവിനും കരുതലും കരുണയും പിന്തുണയും നൽകാം. ആരോഗ്യമുള്ള മാതാവാണ് ആരോഗ്യമുള്ള കുഞ്ഞിന്റെയും സന്തുഷ്ട കുടുംബത്തിന്റെയും അടിത്തറ. ■

# ജെൻസി വിപ്ലവത്തിന്റെ രാഷ്ട്രീയ സന്ദേശം



സി മുഹമ്മദ് അജ്മൽ
: 8124301015

**പ്രതിഷേധങ്ങൾക്കും പ്രതിരോധങ്ങൾക്കും പുതിയ മാതൃകകൾ സൃഷ്ടിച്ച ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. പലതും പിന്നീട് ലോകം നെഞ്ചേറ്റുകയും ചെയ്തു. എന്നാൽ പുതുതലമുറയുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട ന്യൂജെൻ സമരമായിരുന്നു ഇപ്രാവശ്യം ജന്തർ മന്തറിൽ നടന്നത്. പ്രത്യക്ഷത്തിൽ അവർ വിജയിക്കുകയും ചെയ്തു. യഥാർഥത്തിൽ ഈ സമരം മുന്നോട്ടുവെക്കുന്ന രാഷ്ട്രീയ സന്ദേശം എന്താണ്?**

പന്ത്രണ്ടുവർഷമായി ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസരംഗത്ത് നടന്നത് ഒറ്റത്തവണയുള്ള തകർച്ചയായിരുന്നില്ല. പൊതുനിക്ഷേപം കുറഞ്ഞു. ഫീസ് ഉയർന്നു. സ്ഥാപനങ്ങളെ കടമെടുക്കാൻ നിർബന്ധിച്ചു. സ്കോളർഷിപ്പുകൾ ചുരുങ്ങി. ദേശീയ പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെട്ടു. ഒടുവിൽ, അതിന്റെ മുഴുവൻ ഭാരം വഹിച്ച വിദ്യാർഥികൾ തെരുവിലിറങ്ങി.

2026 ജൂലൈയിൽ ജന്തർ മന്തറിൽ നടന്നത് ഒരു സാധാരണ വിദ്യാർഥിപ്രതിഷേധമായിരുന്നില്ല. ചോദ്യപേപ്പർ ചോർച്ചയും പരീക്ഷ റദ്ദാക്കലുകളും ഫീസ് വർധനയും സ്കോളർഷിപ്പ് നിർത്തലാക്കലും കാരണം വർഷങ്ങളായി അടിഞ്ഞുകൂടിയ രോഷമാണ് അവിടെ പൊട്ടിത്തെറിച്ചത്.

വിദ്യാർഥികൾ പാത്രങ്ങൾ കൊട്ടി. കാർട്ടൂൺ പാറ്റകളുടെ ചിത്രങ്ങളുള്ള പ്ലക്കാർഡുകൾ ഉയർത്തി. വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിലേക്ക് ഡയപ്പറുകൾ അയച്ചു. പ്രതിഷേധം ഒരേസമയം ഗൗരവമുള്ളതും പരിഹാസം നിറഞ്ഞതുമായിരുന്നു. അതിന്റെ കേന്ദ്രത്തിൽ, ഇരുപത്തിയാറാം ദിവസത്തിലേക്ക് കടന്ന നിരാഹാരസമരത്തിൽ ആരോഗ്യനില വഷളായ 59 വയസ്സുകാരനും ഉണ്ടായിരുന്നു.



ഞാൻ അധ്യാപകനാണ്. കൗമാരക്കാരും അവരുടെ മാതാപിതാക്കളുമാണ് എന്റെ ലോകം. പരീക്ഷാ ഫലം പുറത്തുവരുന്ന ദിവസം ഒരു അമ്മയുടെ ശബ്ദത്തിൽ കേൾക്കുന്ന ഭയം എനിക്ക് പരിചിതമാണ്. ഫീസ് അറിയിപ്പ് കിട്ടുമ്പോൾ കുടുംബത്തിന്റെ വരുമാനവും കടവും ചെലവുകളും മനസ്സിൽ കൂട്ടിക്കിഴിക്കുന്ന അച്ഛന്മാരെയും ഞാൻ കാണാറുണ്ട്. അതുകൊണ്ട് ജന്തർ മന്തറിലെ പ്രതിഷേധം പെട്ടെന്നുണ്ടായ ഒന്നല്ലെന്ന് എനിക്ക് ഉറപ്പായി പറയാം.

അതിന്റെ പിന്നിൽ പന്ത്രണ്ടുവർഷത്തെ നയങ്ങളുണ്ട്. ഒരു ഉത്തരവിലൂടെ ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ സംവിധാനം തകർത്തിട്ടില്ല. ബജറ്റിലെ ചെറിയ വെട്ടിക്കുറവുകളിലൂടെയും ഫീസ് വിജ്ഞാപനങ്ങളിലൂടെയും വായ്പാനയങ്ങളിലൂടെയും നിർത്തലാക്കിയ സ്കോളർഷിപ്പുകളിലൂടെയും മോശമായി നടത്തിയ പരീക്ഷകളിലൂടെയുമാണ് അത് ദുർബലമായത്.

### ആറു ശതമാനം എന്ന പഴയ വാഗ്ദാനം

ഇന്ത്യയുടെ ജിഡിപിയുടെ ആറു ശതമാനം വിദ്യാഭ്യാസത്തിനായി ചെലവഴിക്കണം എന്ന ആവശ്യം പുതിയതല്ല. 1966ലെ കോത്താരി കമ്മീഷൻ അത് ശുപാർശ ചെയ്തു. 2014ലെ ബിജെപി പ്രകടനപത്രിക അതു വാഗ്ദാനം ചെയ്തു. 2020ലെ ദേശീയ വിദ്യാഭ്യാസനയവും അതേ ലക്ഷ്യം ആവർത്തിച്ചു. എന്നാൽ രാജ്യം ഒരിക്കലും അതിനടുത്തെത്തിയില്ല.

2013-14ൽ കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്ന് വിദ്യാഭ്യാസത്തിനായി ചെലവഴിച്ചത് ജിഡിപിയുടെ ഏകദേശം 3.1 ശതമാനമായിരുന്നു. 2023-24ൽ അത് ഏകദേശം 2.7 ശതമാനമായി കുറഞ്ഞു. ആറു ശതമാനത്തിലേക്ക് മുന്നേറുന്നതിനുപകരം രാജ്യം പിന്നോട്ടുപോയി. ഓരോ വർഷവും വിദ്യാഭ്യാസത്തിനായി മുൻവർഷത്തെക്കാൾ കൂടുതൽ രൂപ അനുവദിച്ചിട്ടുണ്ടെന്ന് സർക്കാരിനു പറയാം. പക്ഷേ, വളരുന്ന സമ്പദ് വ്യവസ്ഥയിൽ രൂപയുടെ കണക്കിൽ ചെലവ് കൂടുന്നത് സ്വാഭാവികമാണ്. ബജറ്റിന്റെ എത്ര ശതമാനം വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്.

2014-15ൽ കേന്ദ്രബജറ്റിന്റെ 4.14 ശതമാനം വിദ്യാഭ്യാസത്തിന് ലഭിച്ചിരുന്നു. ഒരു പതിറ്റാണ്ടിനുശേഷം അത് ഏകദേശം 2.5 ശതമാനമായി. അടുത്ത തലമുറയുടെ വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കുന്ന ദേശീയവിഹിതത്തിൽ വലിയ ഇടിവാണ് ഉണ്ടായത്.

അതേസമയം, പണം എല്ലായിടത്തും ഒരേരീതിയിൽ കുറഞ്ഞില്ല. 2014നും 2021നും ഇടയിൽ 84,000 ത്തിലധികം സർക്കാർ സ്കൂളുകൾ അടഞ്ഞു. മറുവശത്ത് തെരഞ്ഞെടുത്ത മാതൃകാ സ്കൂളുകൾക്കുള്ള ചെലവ് വർധിച്ചു. രാജ്യത്തെ സർവകലാശാലകളെ സഹായിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ബജറ്റ് 2024-25ൽ 6,409 കോടിയിൽനിന്ന് 2,500 കോടിയായി കുറഞ്ഞു. ഒറ്റവർഷംകൊണ്ട് ഏകദേശം 61 ശതമാനത്തിന്റെ വെട്ടിക്കുറവ്! ഇതിലൂടെ ലഭിച്ച സന്ദേശം വ്യക്തമായിരുന്നു. വിദ്യാഭ്യാസം സർക്കാർ നിർബന്ധമായും നിക്ഷേപിക്കേണ്ട പൊതുനന്മയെന്ന നിലയിൽനിന്ന് മാറി, നിയന്ത്രിക്കേണ്ട ചെലവായി പരിഗണിക്കപ്പെടാൻ തുടങ്ങി.

### ഗ്രാന്റിന് പകരം വായ്പ

സർക്കാർ ഒരു പൊതുസ്ഥാപനത്തിന് നൽകുന്ന പണം കുറച്ചാൽ ആ ചെലവ് അപ്രത്യക്ഷമാകില്ല. അത് മറ്റൊരാളുടെ ചുമലിലേക്ക് മാറും. ഇന്ത്യയിൽ അത് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും മേലേക്കാണ് മാറിയത്.

ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ബിരുദ ഫീസ് 2011 മുതൽ 2025വരെ പ്രതിവർഷം 10,000 ആയിരുന്നു. 2026 ഫെബ്രുവരിയിൽ അത് 80,000 ആയി. എട്ടിരട്ടി വർധന! ഐഐടികളിൽ ബിരുദ ട്യൂഷൻ ഫീസ് 2016ൽ 90,000ൽ നിന്ന് 2 ലക്ഷമായി. ഒരൊറ്റ തീരുമാനത്തിൽ 122 ശതമാനം വർധന! ഐഐടി കൗൺസിൽ നിർദേശിച്ചത് 3 ലക്ഷം വരെയായിരുന്നു. എംടെക് ഫീസ് പല സ്ഥാപനങ്ങളിലും കുത്തനെ ഉയർന്നു.

ഐഐഎം അഹമ്മദാബാദിലെ പ്രധാന എംബിഎ പ്രോഗ്രാമിന്റെ ഫീസ് 2007ലെ 4 ലക്ഷത്തിൽ നിന്ന് 27 ലക്ഷമായി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ പഠനച്ചെലവ് 1819



ലക്ഷത്തിലെത്തി. നിഫ്റ്റിലെ ഫീസ് 13 ലക്ഷം കടന്നു. 2020ൽ പതിനാറ് നിഫ്റ്റ് ക്യാമ്പസുകളിലെ ഏകദേശം പതിനൊന്നായിരം വിദ്യാർഥികൾ ഫീസ് വർധനവിനെതിരെ ക്ലാസ് ബഹിഷ്കരിച്ചു.

ബനാറസ് ഹിന്ദു സർവകലാശാലയിലെ എംഎസ്‌സി അഗ്രികൾച്ചർ ഫീസ് 430 ശതമാനം വർധിച്ചു. വിദ്യാർഥികളിൽ വലിയൊരു വിഭാഗം കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിൽനിന്ന് വരുന്ന ജെഎൻയുവിൽ പ്രതിമാസം 1,700യുടെ പുതിയ സർവീസ് ചാർജ് കൊണ്ടുവന്നു.

എല്ലാ സ്ഥാപനങ്ങളിലും ഒരേ രീതിയിൽ ഫീസ് ഉയർന്നില്ല. ഡൽഹിയിലെ സ്കൂൾ ഓഫ് പ്ലാനിങ് ആൻഡ് ആർക്കിടെക്ചറിൽ ഇതേ കാലയളവിൽ വലിയ വർധനവുണ്ടായില്ല. അതുകൊണ്ട് ഫീസ് വർധന ഒഴിവാക്കാനാവാത്ത സാഹചര്യമല്ലായിരുന്നു. നയപരമായ തീരുമാനമായിരുന്നു. ഈ മാറ്റത്തിന്റെ കേന്ദ്രത്തിൽ ഹയർ എജുക്കേഷൻ ഫിനാൻസിങ് ഏജൻസി(HEFA) ഉണ്ടായിരുന്നു. 2017ലാണ് അത് രൂപീകരിച്ചത്.

മുമ്പ് ഒരു പൊതുസർവകലാശാലയ്ക്ക് പുതിയ കെട്ടിടമോ ലബോറട്ടറിയോ ആവശ്യമായാൽ സർക്കാർ ഗ്രാന്റ് നൽകുമായിരുന്നു. അത് തിരിച്ചടയ്ക്കേണ്ടതില്ല. വിദ്യാഭ്യാസം ഒരു പൊതുനന്മയാണെന്ന ബോധ്യത്തിലായിരുന്നു ആ സംവിധാനം. ഹെഫ വന്നതോടെ ഗ്രാന്റിന് പകരം വായ്പ ലഭിക്കാൻ തുടങ്ങി. ഹെഫയിൽ 91 ശതമാനം ഉടമസ്ഥത കനറ ബാങ്കിനും ഒമ്പത് ശതമാനം വിദ്യാഭ്യാസമന്ത്രാലയത്തിനുമാണ്. സ്ഥാപനങ്ങൾ

**2014നും 2021നും ഇടയിൽ 84,000ത്തിലധികം സർക്കാർ സ്കൂളുകൾ അടഞ്ഞു. മറുവശത്ത് തെരഞ്ഞെടുത്ത മാതൃകാ സ്കൂളുകൾക്കുള്ള ചെലവ് വർധിച്ചു. രാജ്യത്തെ സർവകലാശാലകളെ സഹായിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ബജറ്റ് 2024-25ൽ 6,409 കോടിയിൽനിന്ന് 2,500 കോടിയായി കുറഞ്ഞു. ഒറ്റവർഷംകൊണ്ട് ഏകദേശം 61 ശതമാനത്തിന്റെ വെട്ടിക്കുറവ്! ഇതിലൂടെ ലഭിച്ച സന്ദേശം വ്യക്തമായിരുന്നു. വിദ്യാഭ്യാസം സർക്കാർ നിർബന്ധമായും നിക്ഷേപിക്കേണ്ട പൊതുനന്മയെന്ന നിലയിൽനിന്ന് മാറി, നിയന്ത്രിക്കേണ്ട ചെലവായി പരിഗണിക്കപ്പെടാൻ തുടങ്ങി.**

വായ്പ തിരിച്ചടയ്ക്കണം. എന്നാൽ ഒരു പൊതുസർവകലാശാലയ്ക്ക് സ്വയം നിയന്ത്രിക്കാൻ കഴിയുന്ന പ്രധാന വരുമാനമാർഗം വിദ്യാർഥിഫീസാണ്.

സർക്കാർ നിയോഗിച്ച എൻഐപിഎഫ്പി പഠന പ്രകാരം, ഇത്തരം സ്ഥാപനങ്ങളുടെ ആഭ്യന്തരവരുമാനത്തിന്റെ ഏകദേശം 78 ശതമാനവും വിദ്യാർഥികളിൽനിന്നുള്ള ഫീസാണ്. സ്ഥാപനങ്ങളോട് ഫീസ് വർധിപ്പിക്കാനും ചെലവ് കുറയ്ക്കാനും വിദ്യാഭ്യാസമന്ത്രാലയം ആവശ്യപ്പെട്ടതായി അതേ പഠനം രേഖപ്പെടുത്തി.

പതിനാലോളം സ്ഥാപനങ്ങൾ അവരുടെ വരുമാനത്തിന്റെ പകുതിയിലധികം വായ്പ തിരിച്ചടയ്ക്കാനായി ഉപയോഗിക്കുന്ന സാഹചര്യമുണ്ടായി. എൻഐടി ഗോവയിൽ ഇത് 90 ശതമാനത്തിലധികമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

പിന്നീട് 2021ൽ ഹെഫയ്ക്കുള്ള ബജറ്റ് 2,200 കോടിയിൽനിന്ന് 1 കോടിയായി കുറച്ചു. ഗ്രാന്റുകൾ കുറഞ്ഞിരുന്നു. വായ്പയും ആവശ്യത്തിന് ലഭിച്ചില്ല. അതിനിടയിലെ സാമ്പത്തികവിടവ് ഫീസ് വർധനയായി വിദ്യാർഥികളിലേക്കെത്തി.

ഈ നയത്തെ വിശദീകരിക്കാൻ ഉപയോഗിച്ച പദം ‘സ്വയംഭരണം’ എന്നായിരുന്നു. പക്ഷേ, സാമ്പത്തികമായി സ്വയം നിലനിൽക്കാൻ കഴിയാത്ത പൊതുസ്ഥാപനത്തോട് കടമെടുക്കാനും ഫീസ് ഉയർത്താനും പറയുന്നത് സ്വയംഭരണമല്ല. അത് വാണിജ്യവത്കരണമാണ്.

### ഫീസ് ഉയർന്നു, സഹായം കുറഞ്ഞു

പഠനച്ചെലവ് ഉയർത്തുമ്പോൾ സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കുള്ള സഹായം കൂട്ടേണ്ടതായിരുന്നു. എന്നാൽ അതേസമയത്ത് സ്കോളർഷിപ്പുകളും ഫെലോഷിപ്പുകളും ചുരുക്കപ്പെട്ടു. ഏകദേശം 6,722 ന്യൂനപക്ഷ ഗവേഷകവിദ്യാർഥികൾക്ക് സഹായം നൽകിയിരുന്ന മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് 2022ൽ നിർത്തലാക്കി. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പും പിൻവലിച്ചു. ഏകദേശം അഞ്ചുലക്ഷം വിദ്യാർഥികളെ അത് ബാധിച്ചു.

എസ്‌സി, എസ്ടി, ഒബിസി വിദ്യാർഥികൾക്കുള്ള പ്രധാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ കുടുംബവരുമാനപരിധി 2013 മുതൽ മാറ്റമില്ലാതെ തുടരുന്നു. പതിമൂന്നുവർഷം വിലക്കയറ്റം ഉണ്ടായിട്ടും അർഹതാപരിധി പുതുക്കിയില്ല. ജീവിതച്ചെലവ് ഉയർന്നപ്പോൾ രേഖകളിൽ മാത്രം നിരവധി കുടുംബങ്ങൾ സ്കോളർഷിപ്പിന് അർഹരല്ലാത്തവരായി മാറി.

വിദേശപഠനത്തിനുള്ള സർക്കാർ സ്കോളർഷിപ്പ് നേടിയ ദളിത്-ആദിവാസി വിദ്യാർഥികൾക്ക് ഇന്ത്യൻ സംസ്കാരം, ചരിത്രം, സമൂഹം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് 2022 മുതൽ നിയന്ത്രണം ഏർപ്പെടുത്തി.

ശാസ്ത്രപഠനത്തിന് സഹായമായിരുന്ന ഇൻസ്പയർ സ്കോളർഷിപ്പിനും തിരിച്ചടി നേരിട്ടു. വർഷത്തിൽ 80,000 ലഭിച്ചിരുന്ന ഈ സ്കോളർഷിപ്പ് ഐസറുകളിലും ഐഐഎസ്‌സിയിലും പഠിക്കുന്ന പലർക്കും നിർണായകമായിരുന്നു. ആദ്യം സ്കോളർഷിപ്പ് ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞു. പിന്നീട് പുതിയ ബാച്ചിന്റെ പ്രഖ്യാപനം തന്നെ നിലച്ചു.

ശാസ്ത്രപ്രതിഭകളെ കണ്ടെത്തിയിരുന്ന


ECONOMY

# Education's falling share in Budget over 12 years

While the government has come up with the Skill India initiative, the share allocated to the Skill Development ministry has also remained minuscule

UDIT MISRA

**• WHERE THE GOVERNMENT CHOSE TO SPEND**

The chart & table show allocation to various ministries and departments as a % of total Union Budget



Ministry of Skill Development and Entrepreneurship

| | |
|---|---|
| 2015-16 | 0.06% |
| 2016-17 | 0.08% |
| 2017-18 | 0.10% |
| 2018-19 | 0.11% |
| 2019-20 | 0.09% |
| 2020-21 | 0.07% |
| 2021-22 | 0.06% |
| 2022-23 | 0.03% |
| 2023-24 | 0.07% |
| 2024-25 | 0.06% |
| 2025-26 | 0.05% |

*EARLIER CALLED MINISTRY OF HUMAN RESOURCE DEVELOPMENT; SOURCE: CMIE, INDIAN EXPRESS RESEARCH

OVER THE past three days, New Delhi's Jantar Mantar has attracted significant attention as many disgruntled youth from across India have come together under the leadership of the so-called Cockroach Janta Party to demand the resignation of Union Education Minister Dharmendra Pradhan.

The immediate trigger for the protests was the leak of the 2026 NEET-UG question paper. Every year, millions of students hoping to become doctors take the exam. This was neither the first time NEET papers got leaked, nor was it the only examination to witness such a lapse. Reports suggest that over the past decade, test papers have been leaked in over 150 different competitive examinations held in India.

What has intensified criticism is the sense of lack of accountability around such repeated lapses. A recent investigation by *The Indian Express* into the status of cases linked to 45 major exam paper leaks over the past two decades, where each exam saw at least ...

will increase, if for no other reason than the annual inflation in prices of the same goods and services. The metric for ascertaining whether a ministry or department lost or gained relevance in policy terms is to look at the funds allocated to it as a percentage of the total Budget for a financial year.

Since Budget Estimates have routinely ...

**Sharp contrast**

... lute terms) also went up.

In this analysis, however, the focus is not on the absolute amount of money spent on a ministry but whether its share in the overall Budget expanded or shrunk or remained stagnant. The chart maps the relative share (in the overall Budget) of three key ministries over the years:

• Education (earlier called Ministry of Human Resource Development). The chart also maps the share of allocations for the two departments under this ministry: School Education and Higher Education.

... years ago, while the Department of Higher Education's share is just around 60% of what it used to be.

The share of allocation to the Health Ministry has gone up and down marginally from one year to another, but the share is stagnant over the long term.

In sharp contrast, the share of money spent on making roads and highways has almost trebled in the past 12 years. In fact, 12 years ago, education and health together received 6.5% of the annual Budget while the ministry received just 1.8% of the total expenditure. All these years on, education and health together received only about 4.5% of the annual Budget while the Ministry of Road Transport and Highways receives 5.8% alone.

*Skill development allocations*

Over the years, especially with the rise of artificial intelligence, governments have focused on skilling over and above education. In fact, in 2015-16, the Union government created a new ministry just for this purpose. However, the share of the Budget spent on skilling presents a sobering picture, and is quite in contrast to the government's pronouncements to "Skill India".

As the table shows, the share of allocations to the Ministry of Skill Development was a minuscule 0.06% to begin with, and has now slid to 0.05%.

*The takeaway*

Looking at the share, level and trend of allocations provides a good understanding of a government's priorities. To be sure, each government is entitled to choose its own set of priorities — after all, this is exactly why voters choose or discard governments. The Modi government is now in its third consecutive term, suggesting that ...

കെവിപിവൈ 2022ൽ നിർത്തലാക്കി. ഗവേഷകവിദ്യാർഥികളുടെ സ്റ്റൈപൻഡ് വർഷങ്ങളോളം വർധിപ്പിക്കാതെ വച്ചു. ചില സ്ഥാപനങ്ങളിൽ പ്രഖ്യാപിച്ച വർധന നടപ്പിലാകാൻ മാസങ്ങളെടുത്തു. എബിവിപിക്ക് പോലും വൈകല്യങ്ങൾ തുറന്നുപറയേണ്ടിവന്നു.

**ഒരു തലമുറയുടെ വിശ്വാസം തകർത്ത പരീക്ഷ**

നീറ്റ് പരീക്ഷ ഇന്ത്യയിലെ വിദ്യാർഥികൾക്ക് മറ്റൊരു പ്രവേശനപരീക്ഷ മാത്രമല്ല. വർഷംതോറും ഏകദേശം 24 ലക്ഷം പേർ മെഡിക്കൽ പ്രവേശനത്തിനായി മത്സരിക്കുന്നു. എംബിബിഎസ് സീറ്റുകൾ ഏകദേശം 1.1 ലക്ഷം മാത്രം!

വർഷങ്ങളായുള്ള പഠനവും കുടുംബത്തിന്റെ സമ്പാദ്യവും കോച്ചിങ് ചെലവും പ്രതീക്ഷകളും ഒരുദിവസത്തെ പരീക്ഷയിൽ കേന്ദ്രീകരിക്കുന്നു. പരീക്ഷ കഠിനമായിരിക്കാം. സീറ്റുകൾ കുറവായിരിക്കാം. പക്ഷേ, പരീക്ഷ നിഷ്പക്ഷമാണെന്ന വിശ്വാസമെങ്കിലും വേണം. 2024ലെ നീറ്റ് ആ വിശ്വാസം തകർത്തു. നീറ്റ് പരീക്ഷയുടെ +4,1 മാർക്കിങ് രീതിയിൽ സാധ്യമല്ലാത്ത 718,719 എന്നീ സ്കോറുകൾ ചില വിദ്യാർഥികൾക്ക് ലഭിച്ചു. 67 പേർക്ക് മുഴുവൻ മാർക്കായ 720 ലഭിച്ചു. ജാർഖണ്ഡിലെ ഹസാരിബാഗിലുള്ള ഒരു പരീക്ഷാകേന്ദ്രവുമായി ചോദ്യപേപ്പർ ചോർച്ചയ്ക്ക് ബന്ധമുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തി. പട്നയിൽനിന്ന് ലഭിച്ച, കത്തിച്ച ചോദ്യപേപ്പറുകളിലെ സീരിയൽ നമ്പറുകൾ അതേ കേന്ദ്രവു

മായി പൊരുത്തപ്പെട്ടു.

ഗ്രേസ് മാർക്ക് പിന്നീട് റദ്ദാക്കി. 1,563 വിദ്യാർഥികൾക്ക് പുനഃപരീക്ഷയ്ക്ക് അവസരം നൽകി. എന്നാൽ 813 പേർ മാത്രമാണ് പരീക്ഷ എഴുതിയത്. ചോർച്ച നടന്നതായി സുപ്രീംകോടതി അംഗീകരി ച്ചെങ്കിലും, അത് രാജ്യവ്യാപകമായി പരീക്ഷയെ ബാധിച്ചതിന് മതിയായ തെളിവില്ലെന്ന് പറഞ്ഞ് മുഴുവൻ പരീക്ഷയും റദ്ദാക്കിയില്ല. അടുത്ത രണ്ടാഴ്ച ദേശീയ പരീക്ഷാസംവിധാനത്തിലെ പ്രതിസന്ധി കൂടുതൽ രൂക്ഷമായി. ഒമ്പതുലക്ഷം പേർ എഴുതിയ യുജിസി-നെറ്റ് 24 മണിക്കൂറിനുള്ളിൽ റദ്ദാക്കി. ചോദ്യപേപ്പർ ഡാർക്ക് വെബിൽ ലഭ്യമായിരുന്നുവെന്ന വിവരമാണ് കാരണം. സിഎസ്ഐആർ-നെറ്റ് മാറ്റിവച്ചു.

നീറ്റ്-പിജി പരീക്ഷ നടത്തുന്നത് എൻടിഎയല്ല, നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് ഇൻ മെഡിക്കൽ സയൻസസാണ്. എന്നിട്ടും രണ്ടു ലക്ഷത്തിലധികം പേർ എഴുതാനിരുന്ന പരീക്ഷ തലേന്ന് രാത്രി പത്തു മണിക്ക് മാറ്റിവച്ചത് വിദ്യാർഥികൾ അനുഭവിച്ച അതേ ഭരണപരമായ അനിശ്ചിതത്വത്തിന്റെ ഭാഗമായിരുന്നു. നാല് പ്രധാന ദേശീയ പരീക്ഷകൾ രണ്ടാഴ്ചയ്ക്കുള്ളിൽ പ്രതിസന്ധിയിലായി.

2024 ഫെബ്രുവരിയിൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് പത്തുവർഷംവരെ തടവുശിക്ഷ വ്യവസ്ഥ ചെയ്യുന്ന നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ അത് പ്രാബല്യത്തിൽ വന്നത് ജൂൺ 21നാണ്. അതിനകം നീറ്റ് ചോർച്ചയും യുജിസി-നെറ്റ് റദ്ദാക്കലും സംഭവിച്ചുകഴിഞ്ഞിരുന്നു. ഒരു സംവിധാനത്തിൽ പിഴവുണ്ടാകാം. എന്നാൽ അത് തിരുത്തപ്പെടുന്നു എന്ന വിശ്വാസം വിദ്യാർഥികൾക്കുണ്ടാകണം. 2026ലെ സംഭവങ്ങൾ ആ വിശ്വാസവും ഇല്ലാതാക്കി.

**ഇന്ത്യാസഖ്യം, വിവിധ പ്രാദേശികപാർട്ടികൾ എന്നിവ ഉൾപ്പെട്ട പ്രതിപക്ഷത്തിന് ഒരു പതിറ്റാണ്ടായി കേന്ദ്രസർക്കാരിനെതിരെ വലിയ ബഹുജനപ്രസ്ഥാനം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. റാലികൾ നടന്നു. യാത്രകൾ നടന്നു. പാർലമെന്റിൽ പ്രതിഷേധമുണ്ടായി. എന്നാൽ ജനങ്ങളുടെ ദിവസേനയുള്ള നിരാശയെ രാഷ്ട്രീയപ്രസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞില്ല. ഒരു പരിഹാസ അക്കൗണ്ടിനും തൊഴിൽരഹിതരായ യുവാക്കളുടെ ഒരു കൂട്ടത്തിനും അത് പത്താഴ്ചയ്ക്കുള്ളിൽ സാധിച്ചു. കാരണം ഈ പ്രസ്ഥാനം സാധാരണ രാഷ്ട്രീയപാർട്ടിയെപ്പോലെയായിരുന്നില്ല. പാർട്ടിക്കൊടിയില്ല. ആക്രമിക്കാൻ തയ്യാറായ പ്രകടനപത്രികയില്ല. അറസ്റ്റ് ചെയ്താൽ പ്രസ്ഥാനം തീരുന്ന ഏക നേതാവില്ല. ഒരു പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിലേക്ക് ഒതുക്കാനും കഴിഞ്ഞില്ല.**

നീറ്റ് വീണ്ടും ചോർന്നു. മേയ് 12ന് പരീക്ഷ റദ്ദാക്കി. ജൂൺ 21ന് പുനഃപരീക്ഷ നടത്തി. സുരക്ഷയെക്കുറിച്ചുള്ള ആശങ്ക കാരണം ചോദ്യപേപ്പറുകൾ വ്യോമസേനാ വിമാനങ്ങളിൽ കൊണ്ടുപോകേണ്ടിവന്നു. പരീക്ഷ റദ്ദാക്കലുകളും അനിശ്ചിതത്വവും നടക്കുന്നതിനിടെ നിരവധി വിദ്യാർഥികൾ ആത്മഹത്യ ചെയ്തു. മാധ്യമങ്ങളിൽ വന്ന കണക്കുകൾ തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. പന്ത്രണ്ടു മുതൽ ഇരുപതിലധികം പേർ വരെ മരിച്ചുവെന്ന റിപ്പോർട്ടുകളാണ് പുറത്തുവന്നത്. ഈ വിദ്യാർഥികൾ പഠിക്കാൻ പറഞ്ഞതു പോലെ പഠിച്ചു. പരീക്ഷയ്ക്ക് തയ്യാറായി. കുടുംബങ്ങൾ പണം ചെലവഴിച്ചു. ഒടുവിൽ അവർ ആശ്രയിച്ചിരുന്ന പരീക്ഷ തന്നെ നിഷ്പക്ഷമല്ലെന്ന സംശയം ഉയർന്നു. രോഷത്തിന്റെ യഥാർഥ കാരണം അതായിരുന്നു.

### എൻടിഎയിലെ പ്രശ്നം ഒരു ചോർച്ചയിൽ ഒതുങ്ങുന്നില്ല

നീറ്റ് ചോർച്ചയെ ചില ഉദ്യോഗസ്ഥരുടെ അശ്രദ്ധയായോ ഒരു ക്രിമിനൽ സംഘത്തിന്റെ പ്രവർത്തനമായോ മാത്രം കാണാൻ കഴിയില്ല. എൻടിഎയുടെ ഘടനയിൽ തന്നെ ഗുരുതരമായ ദൗർബല്യങ്ങൾ ഉണ്ടായിരുന്നു. 2018ൽ എൻടിഎ രൂപീകരിച്ചത് പാർലമെന്റ് പാസാക്കിയ പ്രത്യേക നിയമത്തിലൂടെയല്ല. സൊസൈറ്റീസ്

രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണ സ്ഥാപനമായാണ് അത് പ്രവർത്തനമാരംഭിച്ചത്. ഈ രൂപം സ്വതവേ തെറ്റല്ല. എന്നാൽ കോടിക്കണക്കിന് വിദ്യാർഥികളുടെ ഭാവി നിർണയിക്കുന്ന പരീക്ഷകൾ നടത്തുന്ന സ്ഥാപനത്തിന്റെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സുരക്ഷാമാനദണ്ഡങ്ങളും പാർലമെന്റിനോടുള്ള റിപ്പോർട്ടിങ് സംവിധാനവും ഒരു പ്രത്യേക നിയമത്തിൽ വ്യക്തമായി നിർവചിക്കപ്പെട്ടില്ല.

എൻടിഎയുടെ പ്രവർത്തനവ്യാപ്തി വളരെ വലുതായിരുന്നു. പ്രതിവർഷം ലക്ഷക്കണക്കിന് വിദ്യാർഥികൾ, ആയിരക്കണക്കിന് പരീക്ഷാകേന്ദ്രങ്ങൾ, ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം, പരീക്ഷാനടത്തിപ്പ്, ഉത്തരക്കടലാസ് ശേഖരണം, മൂല്യനിർണയം, ഫലപ്രഖ്യാപനം എന്നിവയെല്ലാം അതിന്റെ ചുമതലയായി. എന്നാൽ അതിനനുസരിച്ചുള്ള സ്ഥിരം സ്ഥാപനശേഷി നിർമിച്ചില്ല.

2024ൽ സർക്കാർ രാജ്യസഭയിൽ നൽകിയ മറുപടി പ്രകാരം, എൻടിഎയിൽ നേരിട്ട് സ്ഥിരമായി ലയിപ്പിക്കപ്പെട്ടിരുന്നത് ഒരാൾ മാത്രമായിരുന്നു. 22 പേർ വിവിധ വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷനിലായിരുന്നു. 38 കരാർ ജീവനക്കാരുടെയും 138 ഔട്ട്സോഴ്സ് ജീവനക്കാരുടെയും സേവനമാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് കൂടുതൽ മുതിർന്ന തസ്തികകൾ സൃഷ്ടിച്ചെങ്കിലും, പ്രധാന ദേശീയപരീക്ഷകൾ നടത്തിയിരുന്ന സ്ഥാപനത്തിന്റെ ആദ്യകാല ജീവനക്കാരുടെ ഘടന എത്ര ദുർബലമായിരുന്നുവെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

പ്രശ്നം ജീവനക്കാരുടെ എണ്ണം മാത്രമല്ല; പരീക്ഷയുടെ ഓരോ ഘട്ടത്തിലും ഉത്തരവാദിത്തം വ്യക്തമായിരിക്കണം. ചോദ്യപേപ്പർ തയ്യാറാക്കുന്നവരിൽനിന്ന്



പരീക്ഷാകേന്ദ്രത്തിലേക്കും അവിടെനിന്ന് മൂല്യനിർണയത്തിലേക്കും സുരക്ഷിതമായ നിയന്ത്രണശൃംഖല വേണം. എന്നാൽ നിരവധി ജോലികൾ സ്വകാര്യ ഏജൻസികൾക്ക് കൈമാറുമ്പോൾ ഉത്തരവാദിത്തം പല കൈകളിലായി വിഭജിക്കപ്പെടുന്നു. പരീക്ഷ നടത്തുന്നത് സർക്കാർ സ്ഥാപനത്തിന്റെ പേരിലായിരിക്കും. പക്ഷേ, അച്ചടി, സാങ്കേതികസംവിധാനം, കേന്ദ്ര നിർവഹണം, ഡാറ്റ കൈകാര്യം ചെയ്യൽ തുടങ്ങിയ നിർണായക ജോലികൾ പുറം ഏജൻസികൾ ചെയ്യാം. ഇവയിൽ ഒരിടത്തെ പിഴവ് മുഴുവൻ പരീക്ഷയെയും ബാധിക്കും.

2025ലെ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി മറ്റൊരു പ്രശ്നം ചൂണ്ടിക്കാട്ടി. ഒരു സംസ്ഥാനമോ സർക്കാർ ഏജൻസിയോ കരിമ്പട്ടികയിൽപ്പെടുത്തിയ പരീക്ഷാസേവനകമ്പനിക്ക് മറ്റൊരു സംസ്ഥാനത്തോ മറ്റൊരു ഏജൻസിയിലോ വീണ്ടും കരാർ ലഭിക്കാം. രാജ്യവ്യാപകമായി പങ്കിടപ്പെടുന്ന ഏകീകൃത കരിമ്പട്ടിക നിലവിലില്ലായിരുന്നു. അതായത്, ഒരു പരീക്ഷയിൽ വിശ്വാസ്യത നഷ്ടപ്പെട്ട കമ്പനി മറ്റൊരു പരീക്ഷയുടെ കരാർ നേടാനുള്ള സാധ്യത തുടർന്നു.

പണത്തിന്റെ അഭാവം മാത്രമായിരുന്നില്ല കാരണം. ആറുവർഷത്തിനിടെ പരീക്ഷാഫീസുകളിലൂടെ എൻടിഎ ഏകദേശം 3,513 കോടി രൂപ സമാഹരിച്ചതായും പരീക്ഷകൾക്കായി ഏകദേശം 3,065 കോടി ചെലവഴിച്ചതായും പാർലമെന്ററി കമ്മിറ്റി രേഖപ്പെടുത്തി. ഏകദേശം 448 കോടി മിച്ചമുണ്ടായിരുന്നു. ഈ പണമുപയോഗിച്ച് സ്വന്തം സ്ഥിരം

സാങ്കേതികശേഷിയും സുരക്ഷാ സംവിധാനവും കരാർ മേൽനോട്ടവും വികസിപ്പിക്കാമായിരുന്നു. എന്നാൽ പുറത്തുള്ള ഏജൻസികളെ ആശ്രയിക്കുന്ന രീതി തുടർന്നു.

എൻടിഎയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള സമഗ്രമായ വാർഷിക റിപ്പോർട്ടും സ്ഥിരമായി പാർലമെന്റിന് മുന്നിൽ വന്നിരുന്നില്ലെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടി. പരീക്ഷകൾ, സ്വകാര്യ കരാറുകാർ, സുരക്ഷാപ്രശ്നങ്ങൾ, സംഭവിച്ച പിഴവുകൾ, സ്വീകരിച്ച നടപടികൾ എന്നിവ പൊതുവായി റിപ്പോർട്ട് ചെയ്യാത്തപ്പോൾ ഉത്തരവാദിത്തം പ്രതിസന്ധിക്ക് ശേഷമെ ആരംഭിക്കൂ.

2024ലെ നീറ്റ് വിവാദത്തിനു ശേഷം സർക്കാർ കെ. രാധാകൃഷ്ണൻ കമ്മിറ്റിയെ നിയോഗിച്ചു. എൻടിഎയുടെ സ്ഥിരം ജീവനക്കാരുടെ എണ്ണം കൂട്ടുക, സംസ്ഥാന സർക്കാരുകളുമായി കൂടുതൽ ഏകോപനം നടത്തുക, ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും വ്യക്തമായ പ്രോട്ടോക്കോൾ രൂപപ്പെടുത്തുക, സർക്കാർ ഉടമസ്ഥതയിലുള്ള കേന്ദ്രങ്ങളിൽ പരീക്ഷ നടത്തുക തുടങ്ങിയ നിർദേശങ്ങൾ കമ്മിറ്റി നൽകി. പിന്നീട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഏകോപന സംവിധാനങ്ങൾ രൂപീകരിച്ചു. കൂടുതൽ സർക്കാർ സ്ഥാപനങ്ങളെ പരീക്ഷാകേന്ദ്രങ്ങളാക്കി. മുതിർന്ന തസ്തികകൾ കൂട്ടി. ഈ പരിഷ്കാരങ്ങൾ ആവശ്യമായിരുന്നു. എന്നാൽ അവ മറ്റൊരു കാര്യം കൂടി തെളിയിച്ചു; അടിസ്ഥാന സുരക്ഷയും മേൽനോട്ടവും സംസ്ഥാനതല ഏകോപനവും എൻടിഎയുടെ ആദ്യഘടനയിൽ വേണ്ടത്ര ശക്തമായിരുന്നില്ല.

**ഇന്ത്യയിലെ 25 വയസ്സിന് താഴെയുള്ള ബിരുദധാരികളിൽ ഏകദേശം 40 ശതമാനം പേർ തൊഴിൽ രഹിതരാണെന്നാണ് സാമ്പത്തിക വിദഗ്ധയായ റോസ എബ്രഹാമിന്റെ കണക്ക്. വിദ്യാഭ്യാസം നേടിയിട്ടും ജോലി കിട്ടാത്ത ഒരു തലമുറയ്ക്ക്, അധികാരത്തിലുള്ളവർ തങ്ങളെ എങ്ങനെ കാണുന്നു എന്നതിന്റെ പ്രതീകമായി 'പാറ്റ' മാറി. അതിനു മറുപടി നൽകിയത് അഭിജീത് ദിപ്കെയായിരുന്നു. ദളിത് കുടുംബത്തിൽ നിന്നുള്ള, ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ പബ്ലിക് റിലേഷൻസ് പഠിച്ച, മുമ്പ് ആം ആദ്മി പാർട്ടിക്കായി ആശയവിനിമയരംഗത്ത് പ്രവർത്തിച്ചിരുന്ന 30കാരൻ.**

ചോദ്യപേപ്പർ മോഷ്ടിച്ചത് കുറ്റവാളികളായിരിക്കാം. പക്ഷേ, അവർക്ക് ഉപയോഗിക്കാൻ കഴിയുന്ന ദുർബലമായ വഴികൾ തുറന്നുവച്ചത് സംവിധാനമാണ്. പരീക്ഷയുടെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് നൽകാം. സുരക്ഷയും ഉത്തരവാദിത്തവും ഔട്ട്സോഴ്സ് ചെയ്യാൻ കഴിയില്ല.

### 'എല്ലാ പാറ്റകളും ഒന്നിച്ചുവന്നാൽ?'

'പാറ്റ' എന്ന വാക്ക് കോടതിമുറിയിൽനിന്നാണ് വന്നത്. 2026 മെയ് മധ്യത്തിൽ നടന്ന ഒരു വാദത്തിനിടെ, തൊഴിൽ ലഭിക്കാത്ത യുവാക്കളെ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പാറ്റകളോട് ഉപമിച്ചതായി വാർത്തകൾ പുറത്തുവന്നു. തൊഴിൽ ലഭിക്കാതെയും പ്രൊഫഷനിൽ സ്ഥാനം നേടാതെയും കഴിയുന്നവർ പിന്നീട് മാധ്യമ പ്രവർത്തകരും ആക്ടിവിസ്റ്റുകളുമായി എല്ലാവരെയും ആക്രമിക്കുമെന്ന തരത്തിലുള്ള പരാമർശമായിരുന്നു റിപ്പോർട്ട് ചെയ്തത്. തന്റെ വാക്കുകൾ തെറ്റായി അവതരിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. എന്നാൽ അപ്പോഴേക്കും ആ വാക്ക് യുവാക്കൾ ഏറ്റെടുത്തിരുന്നു.

ഇന്ത്യയിലെ 25 വയസ്സിന് താഴെയുള്ള ബിരുദധാരികളിൽ ഏകദേശം 40 ശതമാനം പേർ തൊഴിൽ രഹിതരാണെന്നാണ് സാമ്പത്തികവിദഗ്ധയായ റോസ എബ്രഹാമിന്റെ കണക്ക്. വിദ്യാഭ്യാസം നേടിയിട്ടും ജോലി കിട്ടാത്ത ഒരു തലമുറയ്ക്ക്, അധികാരത്തിലുള്ളവർ തങ്ങളെ എങ്ങനെ കാണുന്നു എന്നതിന്റെ പ്രതീകമായി 'പാറ്റ' മാറി. അതിനു മറുപടി നൽകിയത് അഭിജീത് ദിപ്കെയായിരുന്നു. ദളിത് കുടുംബത്തിൽനിന്നുള്ള, ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ പബ്ലിക് റിലേഷൻസ് പഠിച്ച, മുമ്പ് ആം ആദ്മി പാർട്ടിക്കായി ആശയവി

നിമയരംഗത്ത് പ്രവർത്തിച്ചിരുന്ന 30കാരൻ. അദ്ദേഹം എക്സിൽ ഒരു ചോദ്യം പോസ്റ്റ് ചെയ്തു:

**‘എല്ലാ പാറ്റകളും ഒന്നിച്ചുവന്നാൽ എന്താകും?’**

അദ്ദേഹം ആരംഭിച്ച അക്കൗണ്ടിന് 78 മണിക്കൂറിനുള്ളിൽ 30 ലക്ഷം ഫോളോവേഴ്സ് ലഭിച്ചു. അഞ്ചുദിവസത്തിനുള്ളിൽ അത് ഒരു കോടി കടന്നു. പിന്നീട് രണ്ടു കോടിയിലധികമായി. അക്കൗണ്ടിന് നൽകിയ പേര് ‘കോക്രോച്ച് ജനതാ പാർട്ടി.’ ചുരുക്കത്തിൽ സിജെപി. ബിജെപിയുടെ പേരിനെ അനുസ്മരിപ്പിക്കുന്ന രാഷ്ട്രീയ പരിഹാസം. ‘മടിയന്മാരുടെയും തൊഴിൽരഹിതരുടെയും ശബ്ദം’ എന്നായിരുന്നു ആദ്യപ്രഖ്യാപനം.

തമാശയായി തുടങ്ങിയതു വേഗം ഗൗരവമുള്ള പ്രസ്ഥാനമായി മാറി. ഓൺലൈൻ പ്രതിഷേധം തെരുവിലിറങ്ങി. സോഷ്യൽ മീഡിയയിലെ രോഷത്തെ തെരുവിലെ പ്രസ്ഥാനമാക്കി മാറ്റിയത് സോനം വാങ്ചുക്കിന്റെ നിരാഹാരസമരമായിരുന്നു. ലഡാക്കിലെ വിദ്യാഭ്യാസ പ്രവർത്തകനായ വാങ്ചുക്ക് ജന്തർ മന്തറിൽ സമരം ആരംഭിച്ചു. ആരോഗ്യനില മോശമായതിനെ തുടർന്ന് ഏകദേശം ഇരുപതാം ദിവസം ആശുപത്രിയിലേക്കു മാറ്റി. അതേസമയത്ത് പുനഃപരീക്ഷയുടെ ഫലങ്ങളിലും പുതിയ സംശയങ്ങൾ ഉയർന്നു.

ജൂലൈ 20ന് ‘സൻസദ് ചലോ’ ആഹ്വാനവുമായി ആയിരക്കണക്കിന് വിദ്യാർഥികൾ പാർലമെന്റിലേക്കു നീങ്ങി. പൊലീസ് കണ്ണീർവാതകവും ലാത്തിയും ഉപയോഗിച്ചു. സമരമേഖലയ്ക്കു ചുറ്റുമുള്ള 1.5 കിലോമീറ്റർ പരിധിയിൽ മൊബൈൽ ഇന്റർനെറ്റ് നിർത്തിവച്ചു. പതിനാറ് ഡൽഹി മെട്രോ സ്റ്റേഷനുകൾ അടച്ചു. ദേശീയസുരക്ഷ ചൂണ്ടിക്കാട്ടി സിജെപിയുടെ അക്കൗണ്ട് ഇന്ത്യയിൽ ലഭ്യമല്ലാതാക്കി.



പുതിയ അക്കൗണ്ടിന് അവർ നൽകിയ പേര് ലളിതമായിരുന്നു: ‘പാറ്റകൾ മരിക്കില്ല.’

**പത്തുവർഷം കൊണ്ട് പ്രതിപക്ഷത്തിന് കഴിയാത്തത്!**

ഇന്ത്യാസഖ്യം, വിവിധ പ്രാദേശികപാർട്ടികൾ എന്നിവ ഉൾപ്പെട്ട പ്രതിപക്ഷത്തിന് ഒരു പതിറ്റാണ്ടായി കേന്ദ്രസർക്കാരിനെതിരെ വലിയ ബഹുജനപ്രസ്ഥാനം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. റാലികൾ നടന്നു. യാത്രകൾ നടന്നു. പാർലമെന്റിൽ പ്രതിഷേധമുണ്ടായി. എന്നാൽ ജനങ്ങളുടെ ദിവസേനയുള്ള നിരാശയെ രാഷ്ട്രീയപ്രസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞില്ല. ഒരു പരിഹാസ അക്കൗണ്ടിനും തൊഴിൽരഹിതരായ യുവാക്ക ളുടെ ഒരു കൂട്ടത്തിനും അത് പത്താഴ്ചയ്ക്കുള്ളിൽ സാധിച്ചു. കാരണം ഈ പ്രസ്ഥാനം സാധാരണ രാഷ്ട്രീയപാർട്ടിയെപ്പോലെയായിരുന്നില്ല. പാർട്ടിക്കൊടിയില്ല. ആക്രമിക്കാൻ തയ്യാറായ പ്രകടനപത്രികയില്ല. അറസ്റ്റ് ചെയ്താൽ പ്രസ്ഥാനം തീരുന്ന ഏക നേതാവില്ല. ഒരു പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിലേക്ക് ഒതുക്കാനും കഴിഞ്ഞില്ല.

സിജെപി പ്രതിപക്ഷപാർട്ടികളോടും അകലം പാലിച്ചു. ബിജെപി ഉൾപ്പെടെ എല്ലാവർക്കും സമരത്തിൽ പങ്കെടുക്കാമെന്ന് ദിപ്കെ പറഞ്ഞു. പക്ഷേ, പാർട്ടിക്കൊടിയുമായി വരരുത്. ദേശീയപതാകയുമായി വരണം. ‘ഇത് വിദ്യാർഥികളുടെ പ്രസ്ഥാനമാണ്. ഒരു രാഷ്ട്രീയപാർട്ടിയെയും ആശ്രയിക്കുന്നില്ല’ എന്നായിരുന്നു നിലപാട്. ആം ആദ്മി പാർട്ടിയുടെ സഞ്ജയ് സിങ് അത് തുറന്നുപറഞ്ഞു: രാഷ്ട്രീയപാർട്ടികൾ ഇവരുടെ പിന്നിൽ നിൽക്കാൻ ശ്രമിച്ചാൽ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയ്ക്ക് ദോഷമുണ്ടാകാം. പരമ്പരാഗത പ്രതിപക്ഷത്തിന്റെ പ്രശ്നവും അതുതന്നെയായിരുന്നു. യുവാക്കളുടെ രോഷത്തെ പിന്തുണയ്ക്കണം. എന്നാൽ അതിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കാൻ ശ്രമിച്ചാൽ അത് തകരും.

*(അവസാനിച്ചില്ല)*



# ജീവിത പ്രതിസന്ധികളും ഇസ്‌ലാമിക അതിജീവനവും

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

ഭൗതികതയുടെ പിന്നാലെ മാത്രം പാഞ്ഞുനടന്നാൽ ഈ ലോകത്ത് സമാധാനം ലഭിക്കുകയില്ല. മരണത്തെക്കുറിച്ച് നിരന്തരം ഓർക്കുകയും മരണശേഷമുള്ള ശാശ്വത ജീവിതത്തിനായി ഏറ്റവും നന്നായി ഒരുങ്ങുകയും ചെയ്യുന്നവനാണ് യഥാർഥ ബുദ്ധിമാൻ.

മനുഷ്യജീവിതം എപ്പോഴും ഒരേ അവസ്ഥയിലൂടെയല്ല കടന്നുപോകുന്നത്. ഉയർച്ച-താഴ്ചകളും സന്തോഷ-സന്താപങ്ങളും മാറിമാറി വരുന്ന ജീവിതയാത്രയിൽ, മനുഷ്യന്റെ മാനസിക സമനില അഥവാ ബാലൻസ് തെറ്റിക്കുന്ന പ്രധാനപ്പെട്ട രണ്ട് സാഹചര്യങ്ങളുണ്ട്; ഞെരുക്കവും വിശാലതയും. ഈ രണ്ട് പ്രതിസന്ധികളെയും വിവേകത്തോടെ നേരിടാനും ജീവിതത്തിൽ യഥാർഥ സമാധാനം കണ്ടെത്താനും ഇസ്‌ലാം കൃത്യമായ മാർഗദർശനം നൽകുന്നുണ്ട്.

**ഞെരുക്കവും വിശാലതയും**

ജീവിതത്തിൽ അനുഭവപ്പെടുന്ന ഞെരുക്കങ്ങൾ പലപ്പോഴും മനുഷ്യനെ ഡിപ്രഷനിലേക്കും നിരാശയിലേക്കും നയിക്കാറുണ്ട്. സാമ്പത്തിക പ്രയാസങ്ങൾ, രോഗങ്ങൾ, തൊഴിലില്ലായ്മ, പഠനരംഗത്തെ പരാജയം തുടങ്ങിയവയൊക്കെ ഇതിന് കാരണമാകുന്നു. ഇന്ന് യുവതലമുറയെ ഏറ്റവും കൂടുതൽ തളർത്തുന്നത് കരിയറുമായി ബന്ധപ്പെട്ട പ്രതിസന്ധിക

**ഒരു വിശ്വാസി ഞെരുക്കത്തിലാകുമ്പോൾ, 'ഈ ലോകമല്ല എന്റെ ശാശ്വതമായ ഭവനം, എനിക്ക് ഇതിനപ്പുറം മറ്റൊരു ജീവിതമുണ്ട്, അവിടെ എനിക്ക് അർഹമായ സൽഫലം ലഭിക്കും' എന്ന് ചിന്തിക്കുമ്പോൾ അവന്റെ മനസ്സ് പ്രയാസങ്ങളിൽനിന്ന് ആശ്വാസത്തിലേക്ക് കടന്നുവരുന്നു.**

ളാണ്. ജോലിയെ ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യമായി കാണുകയും അതിൽ തിരിച്ചടി നേരിടുമ്പോൾ ജീവിതം തന്നെ അവസാനിച്ചു എന്ന് കരുതി ആത്മഹത്യയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്ന ദാരുണമായ കാഴ്ചകൾ നാം കാണുന്നു. പ്രാഥമിക വിദ്യാലയങ്ങളിലെ എൽ.എസ്.എസ്, യു.എസ്.എസ് മത്സര പ്പരീക്ഷകൾ മുതൽ എസ്.എസ്.എൽ.സി വരെയുള്ള പരീക്ഷകളിൽ മാർക്ക് കുറഞ്ഞുപോകുമ്പോഴേക്കും കുഞ്ഞുമനസ്സ് പോലും ഡിപ്രഷനിലേക്ക് വീണുപോകുന്നത് ഇതാണ് വ്യക്തമാക്കുന്നത്.

ജീവിതത്തിലുണ്ടാകുന്ന അമിതമായ വിശാലതയും അപകടകരമാണ്. ആവശ്യത്തിലധികം സമ്പത്ത്, സൗകര്യങ്ങൾ, സ്വാധീനം, അധികാരം എന്നിവ ലഭിക്കുമ്പോൾ സ്വാഭാവികമായി മനുഷ്യൻ വന്നവഴി മറ ക്കുകയും അഹങ്കാരിയായി മാറുകയും ചെയ്യുന്നു. സ്വഭാവത്തിൽ വരുന്ന ഈ വ്യതിയാനം അയാളെ മറ്റുള്ളവരിൽനിന്ന് അകറ്റുകയും ഒടുവിൽ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുന്നു.

**മരണചിന്തയും പരലോകബോധവും**

ഈ രണ്ട് പ്രതിസന്ധികൾക്കും പ്രവാചകൻ(സ്വ) പഠിപ്പിച്ചുതന്ന ഒറ്റമൂലിയാണ് മരണചിന്തയും പരലോകബോധവും. മരണചിന്തയും പരലോകത്തെക്കുറിച്ചുള്ള ഓർമയുമുള്ള ഒരു വ്യക്തിക്ക് ജീവിതത്തിൽ സമനില തെറ്റാൻ സാധ്യതയില്ല.

പ്രവാചകൻ(സ്വ) അരുളി: 'നിങ്ങൾ മരണചിന്ത അധികരിപ്പിക്കുക. ആരെങ്കിലും അത് അധികരിപ്പിച്ചാൽ, അവൻ ഞെരുക്കത്തിലാണെങ്കിൽ അതിൽനിന്ന് അവൻ വിശാലതയിലേക്ക് വരും; അവൻ വിശാലതയിലാണെങ്കിൽ അവൻ അഹങ്കരിക്കാതെ വിനയാന്വിതനാകും.'

ഒരു വിശ്വാസി ഞെരുക്കത്തിലാകുമ്പോൾ, 'ഈ ലോകമല്ല എന്റെ ശാശ്വതമായ ഭവനം, എനിക്ക് ഇതിനപ്പുറം മറ്റൊരു ജീവിതമുണ്ട്, അവിടെ എനിക്ക് അർഹമായ സൽഫലം ലഭിക്കും' എന്ന് ചിന്തിക്കുമ്പോൾ അവന്റെ മനസ്സ് പ്രയാസങ്ങളിൽ നിന്ന് ആശ്വാസത്തിലേക്ക് കടന്നുവരുന്നു.

അതുപോലെ, വലിയ സമ്പത്തും അധികാരവുമുള്ള ഒരാൾക്ക് മരണത്തെക്കുറിച്ച് ബോധ്യമുണ്ടെങ്കിൽ, 'ഇതൊന്നും ശാശ്വതമല്ല, മരണം വരെ മാത്രമേ ഇതൊക്കെയുണ്ടാകൂ' എന്ന ചിന്ത അയാളെ അഹങ്കാരിയാക്കാതെ വിനയമുള്ളവനാക്കി മാറ്റുന്നു.

**പ്രതിസന്ധികളെ നേരിടേണ്ട രീതി**

പരലോകബോധമുള്ള ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഭൗതികജീവിതത്തിലെ തിരിച്ചടികൾ ശാശ്വതമായ പരാജയമല്ല. ഈ ലോകത്ത് ഒരുപാട് പരീക്ഷണങ്ങളെ നേരിടേണ്ടിവരും. അവയെ ക്ഷമയോടെ തരണം ചെയ്യാൻ വിശ്വാസിക്ക് സാധിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; 'ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ്' എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ" (ക്വുർആൻ 2:155-157).

**രോഗങ്ങളും പ്രയാസങ്ങളും**

രോഗാവസ്ഥകളിലും ഏകാ

**അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ കൊണ്ട് പരലോകം തേടുന്നതോടൊപ്പം ഭൗതിക ലോകത്തെ ഓഹരി മറക്കരുത് എന്നാണ്. അന്ത്യദിനം സംഭവിക്കുന്ന ഘട്ടത്തിൽ പോലും നിങ്ങളുടെ കയ്യിൽ ഒരു ഈത്തപ്പനത്തൈ ഉണ്ടെങ്കിൽ അത് നടാൻ സമയം കിട്ടിയാൽ നടണം എന്ന് പഠിപ്പിച്ച പ്രവാചകൻ(സ്വ), നമ്മെ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാനല്ല പഠിപ്പിച്ചത്.**

ന്തതയിലും വിശ്വാസി തളർന്നു പോകില്ല. തനിക്ക് ബാധിക്കുന്ന ചെറിയൊരു ക്ഷീണവും മനഃക്ലേശവും കാൽപാദത്തിൽ തറക്കുന്ന ഒരു മുള്ള് പോലും തന്റെ പാപങ്ങൾ പൊറുക്കപ്പെടാനുള്ള മാർഗമാണെന്ന് അവൻ വിശ്വസിക്കുന്നു.

**അനീതിയും തെറ്റിദ്ധാരണകളും**

സമൂഹത്തിൽനിന്നോ കുടുംബത്തിൽനിന്നോ ഭരണകൂടത്തിൽനിന്നോ അനീതി നേരിടേണ്ടി വരുമ്പോഴും, ചെയ്യാത്ത കുറ്റത്തിന് തെറ്റിദ്ധരിക്കപ്പെടുമ്പോഴും വിശ്വാസി തകരില്ല. കാരണം, അവൻ പ്രതിഫല നാളിന്റെ ഉടമനായ, അനീതിയൊട്ടും കാണിക്കാത്ത രക്ഷിതാവിൽ അടിയുറച്ച് വിശ്വസിക്കുന്നവനാണ്.

*കച്ചവടവും ബിസിനസും:* പരലോകചിന്തയുള്ള ഒരാൾക്ക് ബിസിനസിലും കച്ചവടത്തിലും മറ്റുള്ളവരെ വഞ്ചിക്കാനോ തട്ടിപ്പുകളിലൂടെ പണം സമ്പാദിക്കാനോ കഴിയില്ല. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർക്ക് നാശമുണ്ടെന്ന ക്വുർആനിന്റെ മുന്നറിയിപ്പും ധനം സമ്പാദിച്ച വഴിയെക്കുറിച്ചും ഏതു മാർഗത്തിൽ ചെലവഴിച്ചു എന്നതിനെക്കുറിച്ചും പരലോകത്ത് ചോദിക്കപ്പെടുമെന്ന ചിന്തയും അവനെ സത്യസന്ധനാക്കുന്നു.

*അധികാര ദുർവിനിയോഗം:* അധികാരവും പദവികളും ദുരുപയോഗം ചെയ്ത് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥരോട് അല്ലാഹുവും കാർക്കശ്യം കാണിക്കുമെന്ന പ്രവാചക മുന്നറിയിപ്പ് വിശ്വാസിയെ അധർമത്തിൽനിന്ന് തടയുന്നു.

*സോഷ്യൽ മീഡിയ ഉപയോഗം:* അറിയപ്പെട്ട ഇൻഫ്ളുവൻസറാകാനും പണത്തിനും വേണ്ടി അധർമവും തെറിയും അപവാദങ്ങളും പ്രചരിപ്പിക്കുന്ന പ്രവണതകളിൽനിന്ന് അവൻ വിട്ടുനിൽക്കുന്നു. കാരണം, താൻ കാരണം മറ്റൊരാൾ തെറ്റിലേക്ക് നയിക്കപ്പെട്ടാൽ അതിന്റെ കുറ്റം കൂടി താൻ ചുമക്കേണ്ടി വരുമെന്ന് അവൻ തിരിച്ചറിയുന്നു.

**മരണചിന്ത നിഷ്ക്രിയത്വമുണ്ടാക്കുന്നതല്ല**

മരണചിന്തയെക്കുറിച്ച് പറയുമ്പോൾ ചിലർ തെറ്റിദ്ധരിക്കാറുള്ളത്, 'ഏതായാലും മരിക്കേണ്ടതല്ലേ, പിന്നെ എന്തിനാണ് പഠിക്കുന്നതും ജോലി ചെയ്യുന്നതും മറ്റും' എന്നാണ്. എന്നാൽ ഇസ്‌ലാം കൽപിക്കുന്ന മരണചിന്ത മനുഷ്യനെ നിഷ്ക്രിയനാക്കാനല്ല, മറിച്ച് കൂടുതൽ കർമനിരതനാക്കാനാണ് സഹായിക്കുന്നത്.

ക്വുർആൻ വ്യക്തമാക്കുന്നത്, അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ കൊണ്ട് പരലോകം തേടുന്നതോടൊപ്പം ഭൗതിക ലോകത്തെ ഓഹരി മറക്കരുത് എന്നാണ്. അന്ത്യദിനം സംഭവിക്കുന്ന ഘട്ടത്തിൽ പോലും നിങ്ങളുടെ കയ്യിൽ ഒരു ഈത്തപ്പനത്തൈ ഉണ്ടെങ്കിൽ അത് നടാൻ സമയം കിട്ടിയാൽ നടണം എന്ന് പഠിപ്പിച്ച പ്രവാചകൻ(സ്വ), നമ്മെ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാനല്ല പഠിപ്പിച്ചത്.

ഒരു വാഹനത്തിന്റെ ബ്രേക്ക് വാഹനം നിർത്തിയിടാൻ മാത്രമല്ല, അപകടമില്ലാതെ ലക്ഷ്യസ്ഥാനത്ത് വേഗത്തിൽ എത്തിക്കാൻ കൂടിയാണ് സഹായിക്കുന്നത്. അതുപോലെ, സമയം കുറവാണെന്ന ബോധം (മരണചിന്ത) ഉള്ള ഒരു ഓട്ടക്കാരൻ ട്രാക്കിൽ കിടന്നുറങ്ങുകയല്ല, തന്റെ ഓട്ടത്തിന്റെ വേഗത കൂട്ടുകയാണ് ചെയ്യുക.

ഭൗതികതയുടെ പിന്നാലെ മാത്രം പാഞ്ഞുനടന്നാൽ ഈ ലോകത്ത് സമാധാനം ലഭിക്കുകയില്ല. മരണത്തെക്കുറിച്ച് നിരന്തരം ഓർക്കുകയും മരണശേഷമുള്ള ശാശ്വത ജീവിതത്തിനായി ഏറ്റവും നന്നായി ഒരുങ്ങുകയും ചെയ്യുന്നവനാണ് യഥാർഥ ബുദ്ധിമാൻ. വിദ്യാർഥികൾ നന്നായി പഠിക്കണം, ജോലിക്ക് ശ്രമിക്കണം, രോഗം വന്നാൽ ചികിത്സിക്കണം, സമൂഹത്തിന്റെ നന്മകൾക്ക് വേണ്ടി നിലകൊള്ളണം. എന്നാൽ ഇതൊന്നും ജീവിതത്തിന്റെ അന്തിമ ലക്ഷ്യമല്ല, മറിച്ച് പരലോക വിജയത്തിലേക്കുള്ള മാർഗങ്ങൾ മാത്രമാണെന്ന ബോധ്യത്തോടെ ജീവിക്കുകയാണ് വേണ്ടത്. ■

സൂഫിസം: ആത്മീയതയോ തത്ത്വചിന്തയോ? 02

# സ്വൂഫിസത്തിന്റെ കടന്നുവരവ്

മുഹമ്മദ് ഫയാസ്, നാദാപുരം

തസവ്വുഫിന്റെ തുടക്കത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, എന്തുകൊണ്ടാണ് അത് ഉണ്ടായത് എന്ന് ചോദിക്കാതെ കടന്നുപോകാൻ കഴിയില്ല. ഉദാഹരണത്തിന്, മുഅ്തസിലുകൾ എന്തുകൊണ്ടാണ് ഉണ്ടായതെന്ന് മനസ്സിലാക്കാം; ഇസ്‌ലാമിലെ പല കാര്യങ്ങളും മറ്റു മതങ്ങളിലെയും വിശ്വാസങ്ങളിലെയും പോലെ ചർച്ച ചെയ്യപ്പെടണമെന്ന് അവർ കരുതി. ഖുർആനും സുന്നത്തും ഈ ചോദ്യങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകിയിട്ടില്ലെന്ന് അവർ കരുതി, അതിനാൽ ബുദ്ധിക്കാണ് (അക്വ്ൽ) പ്രാധാന്യമെന്ന് അവർ പറഞ്ഞു. തീർച്ചയായും ഇത് തെറ്റായ ചിന്തയാണ്. എന്നാൽ സ്വൂഫിസത്തിന്റെ കാര്യത്തിൽ ചോദ്യം ഇതാണ്: ഇസ്‌ലാമിൽ എന്താണ് കുറവുണ്ടായിരുന്നത്, അവരൊരു പ്രത്യേക ഗ്രൂപ്പായി മാറാൻ? സുഹ്ദ് (ഭൗതികവിരക്തി) നമുക്ക് പോരാതെ വന്നോ? ഇല്ല എന്നാണ് ഉത്തരം. പിന്നെ എന്തുകൊണ്ട് സ്വൂഫികളും തസവ്വുഫും ഉണ്ടായി?

ആദ്യത്തെ നൂറ്റാണ്ടുകൾ കഴിയുകയും ഇസ്‌ലാമിക ലോകത്തിന്റെ ഭൂപടം സ്ഥിരപ്പെടുകയും ഇസ്‌ലാമിക വിജയങ്ങൾ നിലയ്ക്കുകയും ചെയ്തപ്പോൾ ഇസ്‌ലാമിലേക്ക് വ്യത്യസ്ത പശ്ചാത്തലങ്ങളുള്ള ജനവിഭാഗങ്ങൾ കടന്നുവന്നു. മുസ്‌ലിംകളുടെ അവസ്ഥ മാറാൻ തുടങ്ങി. വീടുകളിൽ അമിതമായ ആഡംബരങ്ങൾ പ്രവേശിച്ചു. ദുനിയാവ് പലതരം ആസ്വാദനങ്ങളാലും പ്രലോഭനങ്ങളാലും നിറഞ്ഞു. പല ആളുകളും നേരായ മതത്തിൽനിന്ന് അകലുകയും ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കുകയും ചെയ്തു.

ഈ അവസ്ഥയ്ക്കെതിരെ ചിലയാളുകൾ പ്രതികരിച്ചു. ചിലർ ദുനിയാവിന്റെ ബഹളങ്ങളിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചു. അവർ ഏകാന്തതയും കഠിനമായ സുഹ്ദും ആരാധനകളും തേടിപ്പോയി. തുടക്കത്തിൽ ഇത് നല്ല നിയ്യത്തോടെയായിരുന്നു (ഉദ്ദേശ്യം), എന്നാൽ കാലക്രമേണ അത് ക്രിസ്തീയ സന്യാസത്തിന് സമാനമായ മറ്റൊരു രൂപം കൈക്കൊണ്ടു.

മറ്റു ചിലർ, പ്രത്യേകിച്ച് പേർഷ്യൻ നാടുകളിൽനിന്ന് ഇസ്‌ലാമിലേക്ക് കടന്നുവന്നവർ, തങ്ങളുടെ പഴയ മതങ്ങളായ സൊരാസ്ട്രിയനിസം, ഹിന്ദുമതം, ബുദ്ധമതം എന്നിവയുടെ തത്ത്വചിന്തകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു. യഥാർഥ മുസ്‌ലിമിന്റെ ജീവിതത്തിൽനിന്നും ഇസ്‌ലാമിക ശരീഅത്തിൽനിന്നും ഓടിയൊളിക്കാനുള്ള ഒരു മാർഗമായി അവർ തസവ്വുഫിനെ കണ്ടു. അവർ തങ്ങളുടെ പഴയ ആശയങ്ങൾക്ക് ഇസ്‌ലാമിന്റെ വസ്ത്രം ധരിപ്പിച്ചു. അതിൽനിന്ന് സ്വഹാബികളുടെയും താബിഉകളുടെയും പ്രവാചകന്റെയും ജീവിതരീതിയിൽനിന്ന് വ്യത്യസ്തമായ ഒരു പുതിയ മദ്ഹബ് ജനിച്ചു. തങ്ങളുടെ പഴയ സംസ്കാരത്തിൽ നിന്ന് പൂർണമായി മാറാതെ തന്നെ കൂടുതൽ നല്ല മുസ്‌ലിംകളാകാൻ ഇതിലൂടെ സാധിക്കുമെന്ന് അവർ കരുതി.

അതായത്, ഇസ്‌ലാമിക രാജ്യത്തിന്റെ അന്നത്തെ അവസ്ഥ ഫലഭൂയിഷ്ഠമായ ഒരു മണ്ണു പോലെയായിരുന്നു. കിഴക്കൻ സംസ്കാരങ്ങളായ പേർഷ്യക്കാരുടെയും പടിഞ്ഞാറൻ സംസ്കാരങ്ങളായ ഗ്രീക്കുകാരുടെയും കടന്നുവരവ് ഈ മണ്ണിൽ നടപ്പെട്ട സ്വൂഫിസത്തിന്റെ വിത്ത് പോലെയായിരുന്നു. കാലക്രമേണ ഈ വിത്ത് വളരുകയും ആശയം വികസിക്കുകയും ചെയ്തു. ഇസ്‌ലാമിൽ ഇല്ലാതിരുന്ന, എന്നാൽ ആ വിദേശ സംസ്കാരങ്ങളിൽ ഉണ്ടായിരുന്ന ചില പദങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. 'വഹ്ദത്തുൽ വുജൂദ്' (ഏകദൈവ അസ്തിത്വവാദം), 'വഹ്ദത്തുൽ അദ്‌യാൻ' (സർവമത സത്യവാദം), പ്രവാചകനെക്കാൾ ഉയർന്ന പദവിയുള്ള 'വലിയ്യ്,' ശരീഅത്തിന് മുകളിലുള്ള 'ഇൽമുൽ ബാത്വിൻ' (ആന്തരിക ജ്ഞാനം) തുടങ്ങിയ പദങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടു. ഖുർആനിലോ സുന്നത്തിലോ ഇല്ലാത്ത ഈ പദങ്ങൾ, യാതൊരു വിജ്ഞാനത്തിന്റെയോ ശരീഅത്തിന്റെയോ മാനദണ്ഡങ്ങളില്ലാതെ പൊതുബോധത്തിലേക്ക് കടന്നുകൂടി.

മതത്തെക്കുറിച്ചുള്ള അജ്ഞത കൂടുകയും വിജ്ഞാനം കുറ

യുകയും ചെയ്ത ഒരു സമയത്താണ് ഈ ആശയങ്ങൾ വ്യാപിച്ചത്. ഇബ്നുൽ ജൗസി(റഹി) തന്റെ ഗ്രന്ഥത്തിൽ സ്വൂഫികളുടെ അവസ്ഥയെ ഉപമിക്കുന്നത് ഇങ്ങനെയാണ്: 'ഇബ്‌ലീസ് അവരുടെ അടുക്കൽ വിജ്ഞാനത്തിന്റെ വിളക്കുകൾ കെടുത്തുകളഞ്ഞപ്പോൾ അവർ ഇരുട്ടിൽ തപ്പിത്തടഞ്ഞു.' ഓരോ നൂറ്റാണ്ടിലും വ്യതിയാനങ്ങൾ കൂടിക്കൂടി വന്നു. ഒടുവിൽ തസവ്വുഫിന് സ്വന്തമായി പേരും ശൈഖുമാരും പുസ്തകങ്ങളും സങ്കീർണമായ പദാവലികളും പ്രത്യേക ആചാരങ്ങളും ഇസ്‌ലാമിന്റെ യാഥാർഥ്യത്തിന് പുറത്തുള്ള പല വിശ്വാസങ്ങളുമുണ്ടായി.

തസവ്വുഫ് അതിന്റെ തുടക്കത്തിൽ സുഹ്ദിലേക്ക് (ഭൗതിക വിരക്തി) ചായ്‌വുള്ളതായിരുന്നു, നിയന്ത്രിതമായ സുഹ്ദ് നല്ലൊരു കാര്യമാണ്. എന്നാൽ കാലക്രമേണ അത് ഒരുകൂട്ടം ആളുകൾക്കിടയിൽ ഒരു പൂർണ മദ്ഹബായി മാറി. അതിന് അതിന്റേതായ ഭാഷയും മതത്തിന് അതിന്റേതായ വ്യാഖ്യാനവു മുണ്ടായി. അത് പലപ്പോഴും ശരിയായ പ്രവാചകചര്യയ്ക്ക് അനുസൃതമായിരുന്നില്ല. മിക്കപ്പോഴും ഈ മദ്ഹബുകൾ പ്രതികരണങ്ങളിലോ മറ്റ് സംസ്കാരങ്ങളുടെ സ്വാധീനങ്ങളിലോ അധിഷ്ഠിതമായിരുന്നു, ചിലരിലെങ്കിലും അത് തഹ്‌രീഫ് (വികലമാക്കൽ) വരെ എത്തിച്ചു.

**സ്വൂഫിസത്തിന്റെ ചരിത്രപരമായ വേരുകൾ**

തസവ്വുഫ് എന്നാൽ എന്താണെന്നും ഈ പേരുതന്നെ പുറത്തുനിന്ന് വന്നതാണെന്നും അത് വൈകിയാണ് പ്രത്യക്ഷപ്പെട്ടതെന്നും നമ്മൾ മനസ്സിലാക്കി. എങ്കിലും സൂഫിസം എവിടെനിന്ന് വന്നു എന്ന് ഇപ്പോഴും വ്യക്തമായിട്ടില്ല. ആരാണ് ഇത് ഉണ്ടാക്കിയത്? ഇത് ഇസ്‌ലാമിനുള്ളിൽതന്നെ പേരില്ലാതെ ഉണ്ടായിരുന്നതാണോ അതോ പുറത്തുനിന്ന് വന്നതാണോ? ഈ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്.

'അൽകശ്ഫു അൻ ഹഖീഖത്തിസ്സൂഫിയ്യഃ' (സൂഫിസത്തിന്റെ യാഥാർഥ്യം വെളിപ്പെടുത്തൽ) എന്ന പുസ്തകത്തിൽ പറയുന്നത് 'സൂഫിസം ഒരു ആശയമെന്ന നിലയിലും വഴിയെന്ന നിലയിലും പുതിയൊരു കാര്യമല്ല' എന്നാണ്. അത് ഇസ്‌ലാമിന്റെയുള്ളിൽനിന്ന് ഉണ്ടായതല്ല. പ്രസ്തുത പുസ്തകത്തിൽ പറയു ന്നത്, സൂഫിസം വളരെ പഴയൊരു കാര്യമാണെന്നും അതിനുമുമ്പുള്ള എല്ലാ നാഗരികതകളിലും സമൂഹങ്ങളിലും അത് നിലനിന്നിരുന്നു എന്നുമാണ്.

അറബികൾക്കിടയിൽ സ്വൂഫിസത്തിന്റെ ആദ്യത്തെ അടയാളം ജാഹിലിയ്യാ കാലത്തെ അറബികളിൽ തന്നെയായിരുന്നു, അന്ന് അവർ അതിനെ 'കഹാനഃ' (ജ്യോതിഷം/കൺകെട്ട്) എന്നാണ് വിളിച്ചിരുന്നത്. ഓരോ അറബി ഗോത്രത്തിലും ഒരു കൽപിത ജ്യോത്സ്യനോ (കാഹിൻ) അറിവുകാരനോ ഉണ്ടായിരുന്നു. അറബികൾക്കിടയിലെ ഏറ്റവും പ്രശസ്തരായ കാഹിനുകളായിരുന്നു ശിഖ് ഇബ്നു സ്വാബ്, സുത്വൈഹ് എന്നിവർ. ഇസ്‌ലാമുമായി സംഘട്ടനത്തിൽ ഏർപ്പെട്ട അറിവുകാരിലൊരാളായിരുന്നു മുസൈലിമത്തുൽ കദ്ദാബ്, അൽഅസ്‌വദുൽ അൻസി, സജാഹ് എന്നിവർ.

അതായത്, അറബികൾക്കിടയിൽ കഹാനത്തിന്റെ കാര്യത്തിൽ പുരുഷനും സ്ത്രീയും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല. അത് പുരുഷനായാലും സ്ത്രീയായാലും അവർക്ക് ഗോത്രങ്ങൾക്കിടയിൽ മറ്റാർക്കുമില്ലാത്ത അധികാരവും സ്വാധീനവുമുണ്ടായിരുന്നു. തർക്കങ്ങളുണ്ടാകുമ്പോൾ അവർക്കിടയിൽ തീർപ്പുണ്ടാക്കാൻ ഇവരെയാണ് സമീപിച്ചിരുന്നത്. ഗോത്രത്തിന്റെ നിർണായകമായ കാര്യങ്ങളിൽ അറബികൾ കാഹിനുകളോട് ആലോചിച്ചിരുന്നു. ഗോത്രവുമായി ബന്ധപ്പെട്ട ഏത് കാര്യത്തിലും കാഹിന് ഒരു അഭിപ്രായമുണ്ടാകണമായിരുന്നു. ഈ പദവി കാഹിൻ തന്റെ മക്കൾക്ക് പാരമ്പര്യമായി നൽകിയിരുന്നു.

കൽപ്പിത കാഹിനുകൾക്ക് സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനുള്ള കഴിവുണ്ടെന്നും ഭാവി പ്രവചിക്കാൻ കഴിയുമെന്നും അറബികൾ വിശ്വസിച്ചിരുന്നു. താൻ അദൃശ്യ ജീവികളുമായി, പ്രത്യേകിച്ച് ജിന്നുകളുമായി സമ്പർക്കത്തിലാണെന്ന് കാഹിൻ ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നു; മറ്റാർക്കും കാണാൻ കഴിയാത്ത കാര്യങ്ങൾ താൻ കാണുന്നുവെന്നും വരാനിരിക്കുന്ന കാര്യങ്ങളുടെ വാർത്തകൾ അവർ തനിക്ക് കൊണ്ടുവരുന്നുവെന്നും അയാൾ അവകാശപ്പെടും. തങ്ങളുടെ സംസാരം എപ്പോഴും അസ്പഷ്ടവും അതേസമയം ആകർഷകവുമായിരിക്കാൻ അവർക്ക് 'സജ്അ്' (അനുപ്രാസ ശൈലി) രീതിയിൽ സംസാരിക്കാനുള്ള കഴിവുണ്ടായിരുന്നു. അവർ എപ്പോഴും വിചിത്രവും നിഗൂഢവുമായ വാക്കുകൾ പറയുമായിരുന്നു, അത് കേൾവിക്കാരിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു.

*(തുടരും)*



ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 05

# ശീഇസത്തിന്റെ തായ്‌വേരുകൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

ഇസ്‌ലാമിന്റെ ദിവ്യപ്രകാശത്തെ ഊതിക്കെടുത്താൻ പ്രവാചക കാലഘട്ടം മുതൽ അറേബ്യയിലെ ജൂതരും ഇറാനിലെ അഗ്നിയാരാധകരും ലോകത്തിന്റെ ഇതരഭാഗങ്ങളിലുള്ള വിഗ്രഹാരാധകരും കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്. പ്രത്യക്ഷമായ ശത്രുത കൊണ്ട് കാര്യമായ നേട്ടമൊന്നും കൊയ്തെടുക്കാൻ കഴിയാതെവന്നപ്പോൾ പരോക്ഷമായി പലവിധ കുതന്ത്രങ്ങളിലൂടെയും ഇസ്‌ലാമിനെ തകർക്കാനാണ് അവർ കരുക്കൾ നീക്കിയത്. ഇസ്‌ലാമിനോട് കൊടിയ ശത്രുത പുലർത്തുകയും ബുദ്ധിയിലും വിവരത്തിലും സാമർഥ്യത്തിലും കുതന്ത്രങ്ങളിലും ലോകത്തെ മറ്റേതു ജനവിഭാഗങ്ങളെയും പിന്നിലാക്കുകയും ചെയ്യുന്ന ജൂതന്മാർ ഈ രംഗത്ത് ആസൂത്രിതമായി പ്രവർത്തിക്കുകയും മുസ്‌ലിം ലേബലിൽ ഇസ്‌ലാമിക ലോകത്ത് കുഴപ്പുണ്ടാക്കുന്ന രംഗത്ത് വിജയിക്കുകയും ചെയ്തു. വിശ്വാസികളായി അഭിനയിച്ച് ഈ മതത്തിൽ നുഴഞ്ഞുകയറിക്കൊണ്ടാണ് അവരതിന് അവസരം കണ്ടെത്തിയത്. അറേബ്യൻ ഉപദ്വീപിലാകെ ഇസ്‌ലാം പ്രചരിച്ചപ്പോൾ അബ്ദുല്ലാഹിബിൻ ഉബയ്യ് ബിൻ സുലൂൽ എന്ന ജൂതൻ രംഗത്ത് വന്നു. ഇസ്‌ലാമുമായി നേരിട്ട് ഏറ്റുമുട്ടാൻ കഴിയില്ല എന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് അയാൾ ഇസ്‌ലാമിൽ നുഴഞ്ഞുകയറി തകർക്കാൻ വളഞ്ഞ മാർഗം സ്വീകരിച്ചത്. മുസ്‌ലികളുമായി ഒരു സായുധപോരാട്ടത്തിലൂടെ വിജയം നേടാനോ അവരെ തകർക്കാനോ സാധ്യമല്ലെന്ന് അയാൾക്ക് തന്റെ മുൻഗാമികളായ ബനുക്വുറൈദ്വ, ബനൂ ഖൈനുകാഅ്, ബനു നദീർ എന്നീ ഗോത്രങ്ങളുടെ പരാജയത്തിന്റെ തിക്താനുഭവത്തിൽനിന്ന് ശരിക്കും ബോധ്യപ്പെട്ടിരുന്നു.

അബ്ദുല്ലാഹിബിൻ ഉബയ്യ് ബിൻ സുലൂൽ എന്ന ജൂത വംശജനായ ഈ കപടവിശ്വാസി സൻആഇലെ യഹൂദികളുമായി ചേർന്ന് ഒരു സംഘത്തെ മദീനയിലേക്ക് അയച്ചു. അന്ന് അവിടം ഭരിച്ചിരുന്നത് നബി(സ്വ) യുടെ മരുമകനും 'ദുന്നൂറൈൻ' എന്ന സ്ഥാനപ്പേരിലറിയപ്പെടുകയും ചെയ്തിരുന്ന ഉസ്മാൻ(റ) ആയിരുന്നു. ഈ യഹൂദസംഘം അവരുടെ കുടില ലക്ഷ്യത്തിനുവേണ്ടി സമർഥമായി കരുക്കൾ നീക്കുകയും ആദ്യമായി അലി(റ)യുടെ ആരാധകരായി ചമഞ്ഞ് അദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്താൻ തുടങ്ങുകയും ചെയ്തു. സത്യത്തിൽ അലി(റ) തന്റെ പേരിൽ നടക്കുന്ന ഈ ഭരണ വിപ്ലവ നീക്കത്തിൽ തികച്ചും നിരപരാധിയായിരുന്നു. തുടർന്ന് അവർ പരസ്യമായിത്തന്നെ ഇസ്‌ലാമിക സമൂഹത്തിൽ കുഴപ്പത്തിന്റെ വിത്തുകൾ പാകാൻ തുടങ്ങി. പിന്നീട് അവർ സൗമ്യശീലനും സമ്പന്നനും മറ്റാരെക്കാളും കൂടുതൽ തന്റെ സമ്പത്തുകൊണ്ട് ഇസ്‌ലാം മതത്തിന്റെ വളർച്ചക്കും വ്യാപനത്തിനും ജിഹാദ് ചെയ്തിട്ടുള്ള വ്യക്തിയുമായ ഉസ്മാൻ(റ)വിനെക്കുറിച്ച് മോശമായ പ്രചാരണങ്ങൾ അഴിച്ചുവിട്ടു. നബി(സ്വ) സ്വർഗം കൊണ്ട് സന്തോഷവാർത്തയറിയിക്കുകയും പലപ്പോഴും പുകഴ്ത്തുകയും ചെയ്തിട്ടുള്ള ഉസ്മാൻ(റ)വിനെ സംബന്ധിച്ചിടത്തോളം ഇത് തികഞ്ഞ അപരാധമായിരുന്നു. ഇങ്ങനെ രാഷ്ട്രീയ രംഗത്ത് ഒരു വിപ്ലവത്തിന് പടയൊരുക്കുന്നതോടൊപ്പം ഇക്കൂട്ടർ വിശ്വാസരംഗത്ത് മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമായ ചില വിശ്വാസ

ങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു.

ശീഅത്തു അലി (അലിയുടെ കക്ഷി) എന്ന പേരിലാണ് ഇക്കൂട്ടർ പ്രത്യക്ഷപ്പെട്ടത്. എന്നാൽ അലി(റ) തന്റെ ജീവിതകാലത്ത് ഇക്കൂട്ടരെ അംഗീകരിച്ചില്ല എന്ന് മാത്രമല്ല ഇവരിൽ പലരെയും കഠിനമായി ശിക്ഷിക്കുക പോലും ചെയ്തിട്ടുണ്ട്. അലി(റ)യുടെ കാലശേഷം, അദ്ദേഹം ഈ വിഭാഗത്തോട് സ്വീകരിച്ചിരുന്ന നിലപാട് എന്തായിരുന്നു എന്ന് ജനങ്ങൾ അറിയാതെപോകുകയും ഇക്കൂട്ടരുടെ വാദങ്ങൾ ഏറെക്കുറെ സത്യമാണന്ന് പലരും തെറ്റിദ്ധരിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തെ ഏറെ ഭയപ്പെട്ടിരുന്ന വിഗ്രഹാരാധകരും അഗ്നിയാരാധകരും മുസ്‌ലിംകളെ ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് അകറ്റുന്ന ഈ പ്രസ്ഥനത്തിന് വേണ്ടി പരോക്ഷമായി തങ്ങളാലാവുന്ന എല്ലാവിധ സഹായ സഹകരണങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. മനുഷ്യർ മരിച്ചതിന് ശേഷം വീണ്ടും ഈ ലോകത്തേക്ക് തിരിച്ചുവരിക, പ്രവാചകന്മാർ അവർക്ക് അല്ലാഹു ദൃഷ്ടാന്തമായി നൽകിയിതിനെക്കാൾ വലിയ അമാനുഷിക പ്രവർത്തനങ്ങൾ ചെയ്യുക തുടങ്ങി ക്വുർആനിനും ഹദീസിനും എതിരായ പല സിദ്ധാന്തങ്ങളും ഇവർ പ്രചരിപ്പിച്ചു. പ്രവാചകൻ(സ്വ) വളരെയധികം പ്രശംസിച്ച മൂന്ന് ഖലീഫമാരെക്കുറിച്ചും പ്രസിദ്ധ സ്വഹാബിമാരെക്കുറിച്ചും, എന്തിനേറെ പ്രവാചക പത്നിയായ ആഇശയെക്കുറിച്ച് പോലും ശീഇകൾ വളരെ മോശമായ പരാമർശങ്ങളാണ് നടത്താറുള്ളത്.

*(തുടരും)*



നാളെ പരലോകത്തു വെച്ച്, 'ഞങ്ങൾക്ക് സത്യം പറഞ്ഞു തരാൻ ആരും വന്നിട്ടില്ല' എന്ന് മനുഷ്യർക്ക് അല്ലാഹുവോട് പരാതി പറയാൻ ഇടയില്ലാത്ത വണ്ണം വ്യക്തമായ തെളിവുകൾ ഭൂമിയിൽ നൽകപ്പെട്ടിട്ടുണ്ട്. സത്യം വ്യക്തമായി തെളിയിക്കപ്പെട്ടാൽ പിന്നെ അവിടെ സംശയങ്ങൾക്ക് സ്ഥാനമില്ല. വ്യക്തമായ തെളിവുകളിലൂടെ ഇസ്‌ലാം പഠിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനം തൗഹീദ് അഥവാ ഏകദൈവ വിശ്വാസമാണ്.



# വ്യക്തമായ തെളിവ്

അബൂ ഹുദ

മനുഷ്യൻ ഒരു പ്രത്യേക മതവിശ്വാസിയായി ജീവിക്കുന്നത് അവൻ ആ കുടുംബത്തിൽ ജനിച്ചതുകൊണ്ട് മാത്രമാണെന്ന ഒരു പൊതുധാരണ സമൂഹത്തിലുണ്ട്. എന്നാൽ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അത് കേവലം ഒരു പാരമ്പര്യമല്ല, മറിച്ച് വ്യക്തമായ തെളിവുകളുടെയും ബോധ്യങ്ങളുടെയും അടിസ്ഥാനത്തിലുള്ള ജീവിതരീതിയാണ്. മുഹമ്മദ് നബി(സ്വ) ജനിച്ചതും വളർന്നതും ബഹുദൈവ വിശ്വാസികളായ ഒരു സമൂഹത്തിലായിരുന്നു. തന്റെ നാൽപതാമത്തെ വയസ്സിൽ ദിവ്യസന്ദേശം ലഭിച്ചതുമുതലാണ് പ്രവാചകൻ ഇസ്‌ലാം പ്രബോധനം ചെയ്യാൻ തുടങ്ങിയത്. അദ്ദേഹം

ഇഹലോകവാസം വെടിയുന്ന സമയത്ത് ലക്ഷത്തിലധികം അനുയായികൾ ഉണ്ടായിരുന്നു. അവരൊന്നും മുസ്‌ലിം മാതാപിതാക്കൾക്ക് ജനിച്ചതുകൊണ്ട് ഇസ്‌ലാം സ്വീകരിച്ചവരല്ല, മറിച്ച് വ്യക്തമായ തെളിവുകൾ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മതം ഉൾക്കൊണ്ടവരാണ്. ഇന്നും ലോകത്തിന്റെ വിവിധ കോണുകളിൽ വലിയ ചിന്തകരും നേതാക്കളും ഇസ്‌ലാമിലേക്ക് കടന്നുവരുന്നത് ഇതിന്റെ ആധികാരികമായ പ്രമാണങ്ങൾ കണ്ടിട്ടാണ്.

വിശുദ്ധ ഖുർആനിലെ തൊണ്ണൂറ്റിയെട്ടാമത്തെ അധ്യായമായ 'അൽബയ്യിന' ചർച്ച ചെയ്യുന്നത് ഈ വ്യക്തമായ തെളിവുകളെക്കുറിച്ചാണ്. 'അൽബയ്യിന' എന്ന വാക്കിന്റെ അർഥം 'വ്യക്തമായ തെളിവ്' എന്നാണ്. വേദക്കാരായ ജൂത-ക്രൈസ്തവരിലെ അവിശ്വാസികളും ബഹുദൈവ വിശ്വാസികളും തങ്ങൾക്ക് വ്യക്തമായ തെളിവ് ലഭിച്ചതിന് ശേഷമാണ് സത്യത്തിൽനിന്ന് വേറിട്ടുപോയതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇവിടെ അല്ലാഹു നൽകിയ ഏറ്റവും വലിയ തെളിവ് മുഹമ്മദ് നബി(സ്വ) തന്നെയാണ്. ജനങ്ങളോട് കളവ് പറയാത്ത പ്രവാചകൻ അല്ലാഹുവിന്റെ പേരിൽ കളവ് പറയില്ലെന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും. ഒരക്ഷരം പോലും എഴുതാനോ വായിക്കാനോ അറിയാത്ത ഒരു മനുഷ്യൻ ലോകത്തെ അത്ഭുതപ്പെടുന്ന വിജ്ഞാനം ജനങ്ങൾക്ക് പകർന്നു നൽകിയതും ഭൗതികമായ യാതൊരു നേട്ടങ്ങളും ആഗ്രഹിക്കാതെ ദാരിദ്ര്യത്തിലും പ്രയാസത്തിലും തന്റെ അവസാനനാളുകൾ കഴിച്ചുകൂട്ടി എന്നതും അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണെന്നതിനുള്ള വ്യക്തമായ തെളിവാണ്.

പ്രവാചകനോടൊപ്പം അല്ലാഹു നൽകിയ രണ്ടാമത്തെ വലിയ തെളിവ് പരിശുദ്ധ ഖുർആനാണ്. യാതൊരു വക്രതയുമില്ലാത്ത, എല്ലാ കാലഘട്ടങ്ങളെയും അതിജീവിക്കാൻ കഴിയുന്ന ദൈവിക ദൃഷ്ടാന്തമാണ് ഖുർആൻ. നിഷ്പക്ഷമായി ഖുർആൻ വായിക്കുന്ന ഒരാൾക്ക് ഇത് ഒരു മനുഷ്യന്റെ ചിന്തയിൽ നിന്ന് ഉണ്ടായതല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. നാളെ പരലോകത്തു വെച്ച്, 'ഞങ്ങൾക്ക് സത്യം പറഞ്ഞുതരാൻ ആരും വന്നിട്ടില്ല' എന്ന് മനുഷ്യർക്ക് അല്ലാഹുവോട് പരാതി പറയാൻ ഇടയില്ലാത്ത വണ്ണം വ്യക്തമായ തെളിവുകൾ ഭൂമിയിൽ നൽകപ്പെട്ടിട്ടുണ്ട്. സത്യം വ്യക്തമായി തെളിയിക്കപ്പെട്ടാൽ പിന്നെ അവിടെ സംശയങ്ങൾക്ക് സ്ഥാനമില്ല. ഒരു രോഗത്തിന്റെ കാരണം സ്കാനിംഗിലൂടെ കൃത്യമായി കണ്ടെത്തിയാൽ പിന്നെ രോഗിക്ക് സംശയങ്ങൾ മാറുന്നതുപോലെ, പ്രമാണങ്ങൾ വ്യക്തമായാൽ പിന്നെ വിശ്വാസിക്ക് വക്രതകളുണ്ടാകില്ല.

ഈ വ്യക്തമായ തെളിവുകളിലൂടെ ഇസ്‌ലാം പഠിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനം തൗഹീദ് അഥവാ ഏകദൈവ വിശ്വാസമാണ്. നിഷ്കളങ്കമായി അല്ലാഹുവെ മാത്രം ആരാധിക്കുകയും അല്ലാഹു അല്ലാത്ത ഒന്നിനെയും ആരാധിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് മതത്തിന്റെ അടിത്തറ. ഇതിനൊപ്പം നമസ്കാരവും സകാത്തും കൃത്യമായി നിർവഹിക്കാൻ കൽപിക്കുന്നു. ഈ മൂന്ന് കാര്യങ്ങളും ചേരുമ്പോഴാണ് ഒരാൾ വക്രതയില്ലാത്ത മാർഗം ഉൾക്കൊണ്ടവനായി മാറുന്നത്.

തെളിവുകൾ വന്നിട്ടും ഭൗതിക ലാഭങ്ങൾക്കും പൗരോഹിത്യത്തിന്റെ സമ്മർദങ്ങൾക്കും വഴങ്ങി സത്യത്തെ നിഷേധിക്കുന്നവർ സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവരാണ്. അവർ പരലോകത്ത് നരകത്തിൽ ശാശ്വതരായിരിക്കും. എന്നാൽ വ്യക്തമായ തെളിവുകൾ ഉൾക്കൊണ്ട് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ സൃഷ്ടികളിൽ ഏറ്റവും ഉത്തമന്മാരാണ്. അല്ലാഹുവിന്റെ തൃപ്തിയും സ്ഥിരവാസത്തിന്റെ സ്വർഗത്തോപ്പുകളാണ് അവർക്ക് പ്രതിഫലമായി ലഭിക്കുക. ■



# തൗഹീദ് തിരുത്തിയവർക്ക് തിരിച്ചടിയാകുന്ന 'ശബാബ്' നിലപാടുകൾ

മൂസ സ്വലാഹി കാര
: 97473 45768

ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ നെഞ്ചേറ്റിയും അതിന്റെ അടിസ്ഥാന പ്രമാണങ്ങൾ മുറുകെ പിടിച്ചും അന്ധവിശ്വാസങ്ങൾക്കെതിരെ പടപൊരുതിയും ഒരു നൂറ്റാണ്ടിലധികമായി സമൂഹത്തിൽ നിലയുറപ്പിച്ചവരാണ് മുജാഹിദുകൾ.

'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ'യെന്ന പ്രഥമ പണ്ഡിത സഭയുടെ ആദർശ സാരഥ്യം 'ജംഇയ്യത്തുൽ ഹിക്മ അൽഇസ്‌ലാമിയ്യ' (വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ) എന്ന സംവിധാനം വഴി ഇന്നും തുടരുകയും അതിന്റെ ഗുണഫലം സമുദായം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇസ്‌ലാ

**പേരിൽ മാത്രം 'മുജാഹിദുക'ളായി അറിയപ്പെടാനാഗ്രഹിക്കുന്ന മർകസുദ്ദഅ്‌വക്കാർ പ്രബോധനത്തിന്റെ മുൻഗണനക്രമം തകിടം മറിക്കുകയും തൗഹീദീ പ്രയാണത്തെ പുച്ഛിച്ച് പിന്തള്ളുകയുമുണ്ടായി. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ധാരാളം വിഷയങ്ങളെ അവഗണിക്കുവാനും അഹ്‌ലുസ്സുന്നയുടെ വഴി പിന്തുടരുന്നവരെ ആരോപണങ്ങൾകൊണ്ട് വേട്ടയാടുവാനും അവർ മടികാട്ടിയില്ല. കാൽ നൂറ്റാണ്ട് പഴക്കമുള്ള തങ്ങളുടെ പിഴവുകളെ പുതിയ ന്യായീകരണങ്ങൾകൊണ്ട് നിലനിർത്തുവാൻ ശബാബ് സുവർണ ജൂബിലി പതിപ്പിലൂടെ ശ്രമിക്കുന്നത് ശ്രദ്ധയിൽ പെടുകയുണ്ടായി.**

ഹി പ്രസ്ഥാനത്തിന്റെ ജൈത്രയാത്രക്ക് ഇടംകോലിട്ടും അതിന്റെ കണിശമായ ആദർശ നിലപാടുകളോട് യോജിപ്പില്ലാതെയും പലപ്പോഴായി പലരും അതിൽനിന്ന് പടിയിറങ്ങിയിട്ടുണ്ട്. ഇഖ്‌വാനിസത്തോട് ഇഷ്ടമേറി, പൊതുതാൽപര്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് തൗഹീദിനെക്കാൾ പ്രാമുഖ്യം നൽകിയ മർകസുദ്ദഅ്‌വ വിഭാവവും അവരോടൊപ്പം ചേർന്ന് ആദർശം കളഞ്ഞുകുളിച്ച സിഡി ടവർ വിഭാഗവും അവരിൽ പ്രധാനികളാണ്.




പേരിൽ മാത്രം 'മുജാഹിദുക'ളായി അറിയപ്പെടാനാഗ്രഹിക്കുന്ന മർകസുദ്ദഅ്‌വക്കാർ പ്രബോധനത്തിന്റെ മുൻഗണനക്രമം തകിടം മറിക്കുകയും തൗഹീദീ പ്രയാണത്തെ പുച്ഛിച്ച് പിന്തള്ളുകയുമുണ്ടായി. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ധാരാളം വിഷയങ്ങളെ അവഗണിക്കുവാനും അഹ്‌ലുസ്സുന്നയുടെ വഴി പിന്തുടരുന്നവരെ ആരോപണങ്ങൾകൊണ്ട് വേട്ടയാടുവാനും അവർ മടികാട്ടിയില്ല. കാൽ നൂറ്റാണ്ട് പഴക്കമുള്ള തങ്ങളുടെ പിഴവുകളെ പുതിയ ന്യായീകരണങ്ങൾകൊണ്ട് നിലനിർത്തുവാൻ ശബാബ് സുവർണ ജൂബിലി പതിപ്പിലൂടെ ശ്രമിക്കുന്നത് ശ്രദ്ധയിൽ പെടുകയുണ്ടായി.

വ്യത്യസ്ത തിന്മകൾ നടമാടിയിരുന്ന സമൂഹങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാർ ആദ്യമായി അവരെ ക്ഷണിച്ചത് തൗഹീദിലേക്ക് തന്നെയായിരുന്നു. അന്ത്യനാൾവരെ അണമുറിയാതെ നടക്കേണ്ടതും അതുതന്നെയാണ്. അല്ലാഹു പറയുന്നു: "നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരും നിങ്ങൾക്കില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (ക്വുർആൻ 7:59).

മതത്തിന്റെ തനതായ ഈ പ്രബോധന രീതിക്ക് മുടക്കം വരുത്താൻ ഇഖ്‌വാനികളുടെ ശൈലി സ്വീകരിച്ച ഇവരുടെ നീക്കത്തെ പണ്ഡിതന്മാർ അന്നുതന്നെ വിമർശിച്ചിരുന്നു. അതിന്റെ അരിശം ഇപ്പോഴും അവരിൽ അവശേഷിക്കുന്നുണ്ട് എന്നതിന്റെ തെളിവാണ് സിൽവർ ജൂബിലി പതിപ്പിലെ ലേഖനം.

"മഹത്തായ ഈ ആദർശ പ്രസ്ഥാനത്തെ കുത്തിപ്പിളർത്താൻ അവർ ഉന്നയിച്ച ഓരോ ആരോപണങ്ങളും എത്രമാത്രം വ്യർഥമായിരുന്നുവെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു. മരം നടീലും മരുന്ന് വിതരണവും മുതൽ പാവങ്ങൾക്ക് റേഷൻ നൽകുന്നതും വീട് വെച്ചുനൽകുന്നതും ദുരിതബാധിതർക്ക് താങ്ങാവുന്നതും വരെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെ അന്ന്

**ജീവകാരുണ്യ പ്രവർത്തനങ്ങളെ ആരും എതിർത്തിട്ടില്ല. തൗഹീദ് പ്രബോധനം ചെയ്ത് പോകുന്നതോടൊപ്പം അഗതികൾക്കും അശരണർക്കും തണലേകുന്നതിനെ മുജാഹിദ് പ്രസ്ഥാനം ഇന്നോളം എതിർത്തിട്ടില്ല. എന്നാൽ ഇവർ, ആദ്യം തൗഹീദ് പറഞ്ഞാൽ ഭിന്നിപ്പുണ്ടാകുമെന്നു പറഞ്ഞ് പൊതുതാൽപര്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നൽകിയതാണ് വിമർശനത്തിന് ഇടവരുത്തിയത്. പ്രബോധിതർക്ക് ഇഷ്ടമുള്ളതു മാത്രം പറഞ്ഞ് 'സോപ്പിട്ടു' കൂടെ കൂട്ടുക എന്ന ഇവരുടെ ശൈലി ഇസ്‌ലാം പഠിപ്പിച്ചതല്ല, അതിനെയാണ് മുജാഹിദുകൾ എതിർത്തത്**

അവർ ഇഖ്‌വാനിസമെന്ന് പരിഹസിച്ചു" (ശബാബ് സുവർണ ജൂബിലി പതിപ്പ്, ഏപ്രിൽ 2026, പേജ് 359).

വ്യക്തമായ തെറ്റുധരിപ്പിക്കലാണിത്. ജീവകാരുണ്യ പ്രവർത്തനങ്ങളെ ആരും എതിർത്തിട്ടില്ല. തൗഹീദ് പ്രബോധനം ചെയ്ത് പോകുന്നതോടൊപ്പം അഗതികൾക്കും അശരണർക്കും തണലേകുന്നതിനെ മുജാഹിദ് പ്രസ്ഥാനം ഇന്നോളം എതിർത്തിട്ടില്ല. എന്നാൽ ഇവർ, ആദ്യം തൗഹീദ് പറഞ്ഞാൽ ഭിന്നിപ്പുണ്ടാകുമെന്നു പറഞ്ഞ് പൊതുതാൽപര്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നൽകിയതാണ് വിമർശനത്തിന് ഇടവരുത്തിയത്. പ്രബോധിതർക്ക് ഇഷ്ടമുള്ളതു മാത്രം പറഞ്ഞ് 'സോപ്പിട്ടു' കൂടെ കൂട്ടുക എന്ന ഇവരുടെ ശൈലി ഇസ്‌ലാം പഠിപ്പിച്ചതല്ല, അതിനെയാണ് മുജാഹിദുകൾ എതിർത്തത്. 'ഇഖ്‌വാനിസമെന്ന് പരിഹസിച്ചു' എന്നു പറഞ്ഞ് നിരുത്തരവാദപരമായ ശൈലിയെ വെള്ളപൂശുവാനാണ് ഇപ്പോഴും ഇവർ ശ്രമിക്കുന്നത്.

ഈ വിഷയത്തിൽ കെ. ഉമർ മൗലവി(റഹി) എഴുതിയത് വായിച്ചാൽ സംശയങ്ങൾക്ക് അറുതിയാകും: "പ്രബോധന വിജയത്തിന് പൊതുതാൽപര്യമേഖല കണ്ടെത്തുക' ഈ തലവാചകത്തിൽ 99ന്റെ അവസാനത്തിൽ ഐ.എസ്.എം മുഖപത്രമായ ശബാബിൽ ഒരു പത്രാധിപക്കുറിപ്പ് വന്നു. ഈ തലവാചകം വായിച്ചപ്പോൾ തന്നെ ഞാൻ ഞെട്ടി. സിയോണിസത്തിന് വളവും നീരും നൽകി സംരക്ഷിക്കുന്ന അമേരിക്കയിൽനിന്നും ഇവ്വിഷയകമായി ഏതോ മുസ്‌ലിം സംഘടനയുടെ ബാനറിൽ ഒരു പുസ്തകം രചിക്കപ്പെട്ടിട്ടുണ്ടെന്ന് ഒരുസുഹൃത്ത് എന്നോട് പറഞ്ഞിരുന്നത് ഓർമവന്നു. മുസ്‌ലിംകൾ പ്രബോധന വിഷയത്തിൽ ഖുർആനിന്റെയും നബിചര്യയുടെയും ശൈലിയാണ് പിൻപറ്റേണ്ടത് എന്ന കാര്യം എല്ലാവരും സമ്മതിക്കുമെങ്കിലും അതിൽ നിഷ്‌കർഷ പുലർത്തുന്ന സംഘം സലഫികൾ മാത്രമാണ്" (ഓർമകളുടെ തീരത്ത്, പേജ് 162).

പ്രസ്ഥാനത്തിന്റെ പൂർവകാല പണ്ഡിതന്മാർ തൗഹീദിന് വേണ്ടി സഹിച്ച ത്യാഗം അയവിറക്കിക്കൊണ്ട് മൗലവി എഴുതുന്നു: "സൈദ് മൗലവിയുടെ ചാരത്ത് സ്വർഗത്തിലൊരു ഇടം കിട്ടാൻ ഞാൻ സദാ പ്രാർഥിച്ചു കൊണ്ടിരിക്കുന്നു. ത്യാഗത്തിന്റേയും സഹനത്തിന്റെയും ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം. എന്റെ ആദർശ പുത്രന്മാർ ഇതറിയണം. ഈ തൗഹീദ് പ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ ഗുരുതുല്യരായ എന്റെ മിത്രങ്ങൾ അനുഭവിച്ച ത്യാഗത്തിന്റെ കഥകൾ! പ്രബോധന വിഷയത്തിൽ പൊതു താല്പര്യമേഖല കണ്ടെത്തുക എന്ന അനിസ്‌ലാമിക ചിന്താഗതി മനസ്സിനെ സ്വാധീനിച്ച യുവപണ്ഡിതന്മാർ! അവർക്ക് സൈദ് മൗലവിയെപ്പോലുള്ളവർ ഒരു പാഠമായിരിക്കട്ടെ" (പേജ് 210).

### പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതും നുഴഞ്ഞുകയറിയതോ?

ക്വുർആനും സുന്നത്തും ജിന്ന്, പിശാച്, സിഹ്‌റ്, കണ്ണേറ്, മന്ത്രം തുടങ്ങിയ വിഷയങ്ങളിൽ പഠിപ്പിച്ച ചില കാര്യങ്ങളുണ്ട്. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ തെളിവുകൾ വെച്ച് അതിൽ നടത്തിയചർച്ചകളുമുണ്ട്. ഇവരുടെ വാദപ്രകാരം ഇതെല്ലാം മതത്തിലേക്ക് നുഴഞ്ഞുകയറിയ കാര്യങ്ങളാണ്. ലേഖകൻ എഴുതുന്നു:

"ദുരാരോപണങ്ങളിലൂടെ പ്രസ്ഥാനത്തെ വെട്ടി

മുറിച്ചവർ പിന്നീട് എത്തിച്ചേർന്നത് തങ്ങൾ അന്ന് വിതച്ച വിനാശത്തിന്റെ കൊയ്ത്തിലേക്കായിരുന്നു. നെറികേടുകളുടെ നേർക്കാഴ്ചയായി മാറിയ ഈ പിളർപ്പിന്റെ പഴുതിലൂടെ ഏതാണ്ട് പഴങ്കഥയായി മാറിയ ജിന്ന്, കൂടോത്ര, കണ്ണേറ്, കരിനാക്ക്, കണി, മന്ത്രവാദാതി അന്ധവിശ്വാസങ്ങളൊക്കെയും മുജാഹിദുകൾക്കിടയിലേക്ക് നുഴഞ്ഞ് കയറുകയായിരുന്നു" (പേജ് 359).




ദിവ്യബോധനം വഴി സ്ഥിരപ്പെട്ട കാര്യങ്ങളെയും സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ അന്ധവിശ്വാസങ്ങളെയും ഒന്നാക്കി 'പഴങ്കഥ'യെന്ന് പരിചയപ്പെടുത്തുന്നതിലൂടെ ഇവർ പ്രാണങ്ങളെയാണ് യഥാർഥത്തിൽ നിഷേധിക്കുന്നത്. മുൻകാല പണ്ഡിതന്മാർ തൗഹീദിന് നിർവചനം നൽകിയപ്പോൾ സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും കഴിവുമായി ബന്ധപ്പെട്ട് വിശദീകരിച്ച പല പദങ്ങളുടെയും പുറം മാത്രം വായിച്ചതിന്റെ പരിണിത ഫലമാണിത്. സൃഷ്ടികളുടെ കഴിവ് കാര്യകാരണ ബന്ധങ്ങൾക്ക് അധീനമാണെന്ന ആശയത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ; ജിന്നുകളും മലക്കുകളും ഇടപെടുന്നതും കണ്ണേറ്, സിഹ്റ് എന്നിവ റബ്ബിന്റെ വിധിയെന്നോണം ഫലിക്കുകയോ ഫലിക്കാതിരിക്കുകയോ ചെയ്യുമെന്നതും മതം അനുവദിച്ച മന്ത്രവും ഇക്കൂട്ടർക്ക് അന്ധവിശ്വാസമായി അനുഭവപ്പെട്ടു!

"എന്നാൽ കാര്യകാരണങ്ങൾക്കതീതമായി ഉപകാരമോ ഉപദ്രവമോ വരുത്തിവെക്കാൻ അല്ലാഹുവിനല്ലാതെ കഴിയില്ല എന്ന മൗലിക വിശ്വാസത്തിന് വിരുദ്ധമാണ് കണ്ണേറ് സങ്കൽപം എന്നാണ് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നിലപാട്" (ഇസ്‌ലാഹീ പ്രസ്ഥാനം: ദർശനം, ചരിത്രം, ദൗത്യം. പേജ് 82).

മലക്കുകളും ജിന്നുകളും കാര്യകാരണ ബന്ധങ്ങൾക്ക് പുറത്താണെന്നും അവർ സഹായിക്കുമെന്ന് വിശ്വസിച്ചാൽ അത് ശിർക്കും കുഫ്‌റുമാണെന്നുമുള്ള അബ്ദുസ്സലാം സുല്ലമിയുടെ 'പുതിയനിയമം' സ്വീകരിച്ചതിനാലാണ് ഇവർക്ക് ഇങ്ങനെ പറയേണ്ടിവന്നത്. അമാനി മൗലവി(റഹി)യുടെ 'ഖുർആൻ വിവരണം,' 'ഇസ്‌ലാമിക ജീവിതം,' 'നബിചര്യയും ഇസ്‌ലാമിക ശരീഅത്തിൽ അതിന്റെ സ്ഥാനവും,' ഉമർ മൗലവി(റഹി)യുടെ 'തർജുമാനുൽ ഖുർആൻ,' 'ഫാതിഹയുടെ തീരത്ത്,' 'ലാഇലാഹ ഇല്ലല്ലായുടെ അർഥം' എന്നിങ്ങനെ ആദർശം അരക്കെട്ടുറപ്പിക്കുന്ന ഗ്രന്ഥങ്ങളെല്ലാം മർകസുദ്ദഅ്‌വക്കാർക്ക് വർജ്യമായി മാറി.

ഉമർ മൗലവി(റഹി) തുറന്നു പറഞ്ഞത് ഇവർക്ക് തുറവി നൽകട്ടെ: "സ്രഷ്ടാവിനെക്കുറിച്ചുള്ള യഥാർഥ ജ്ഞാനത്തിന്റെ അഭാവമാണിതിന് കാരണം. മറഞ്ഞ വഴിയിൽ ഗുണം ആശിക്കാനും ദോഷം ഭയപ്പെടാനും സൃഷ്ടികർത്താവ് മാത്രമെ അർഹനായിട്ടുള്ളൂവെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും പ്രാർഥന ആ സൃഷ്ടികർത്താവിനോട് മാത്രമെ ആകാവൂ എന്നുമുള്ള യഥാർഥവും ലളിതവുമായ വിജ്ഞാനത്തിന്റെ അഭാവമാണ് കാരണം. സ്വന്തം പേര് പോലും എഴുതാനറിയാത്ത, ഒരു മേൽവിലാസം വായിക്കാനറിഞ്ഞു കൂടാത്ത എത്രയോ വിദ്യാവിഹീനരായ സാധാരണക്കാർ ഈ ജ്ഞാനം നേടിയിട്ടുണ്ട്" (ഓർ

മകളുടെ തീരത്ത്, പേജ് 212).

**ശബാബ് ലേഖകന്റെ തെറ്റുധരിപ്പിക്കൽ**

ഇഖ്‌വാനിസത്തോട് അടുപ്പം കാട്ടി, പൂർവികരുടെ പാത (മൻഹജ്ജുസ്സലഫ്) പിന്തുടരുന്നതിനോടുള്ള വെറുപ്പ് പ്രകടമാക്കിക്കൊണ്ടാണ് 2000ൽ പ്രസ്ഥാനത്തെ പിളർത്തി ഇവർ പുറത്ത് പോയത്. അതിന്റെ ഉത്തരവാദിത്തം തങ്ങൾക്കല്ലെന്നു വരുത്തിത്തീർക്കാൻ ലേഖകൻ എഴുന്നള്ളിക്കുന്ന കളവ് കാണുക:

“പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ കോളിളക്കം സൃഷ്ടിച്ച ആദർശ വ്യതിയാനമായിരുന്നു 2007 ഏപ്രിൽ മാസത്തെ ഇസ്‌ലാഹ് മാസികയിൽ പ്രത്യക്ഷപ്പെട്ട ജിന്ന് തേട്ടവുമായി ബന്ധപ്പെട്ട പരാമർശം. ഇസ്‌ലാമിക വിശ്വാസത്തിന്റെ ആണിക്കല്ലായ തൗഹീദിനെ കീഴ്മേൽ മറിക്കുന്ന ഈ വാദം പിന്നീട് അപകടകരമായ പല വിശ്വാസ വ്യതിയാനങ്ങളിലേക്കും വഴിതുറന്നു. അദൃശ്യലോകത്തെ ജീവികളായ മലക്കുകളോ ജിന്നുകളോ തന്റെ അർഥന കേട്ട് സഹായത്തിനെത്തുമെന്ന് വിശ്വസിച്ച് അവരോട് പ്രാർഥിക്കുന്നത് ശിർക്കല്ല എന്ന മാരകമായ ആശയമാണ് അന്ന് അവർ ഉയർത്തിവിട്ടത്. മുജാഹിദുകളുടെ ആദർശ വിശുദ്ധിയിലേക്ക് കടത്തിവിട്ട ഈ വിഷം പിന്നീട് പ്രസ്ഥാനത്തിന്റെ അന്തരീക്ഷത്തെയാകെ മലീമസമാക്കി” (പേജ് 361).

കൂടെയുള്ളവരെ കൂട്ടിലടക്കാൻ ഒരുപക്ഷേ, ഈ വരികൾ കൊണ്ട് കഴിഞ്ഞേക്കാം. എന്നാൽ ചരിത്ര സത്യത്തെ കറുപ്പിക്കാനൊന്നും ഇതുകൊണ്ട് കഴിയില്ല. ആർക്കുമറിയുന്ന ചരിത്ര വസ്തുതയെ ഇങ്ങനെ തമസ്കരിക്കാൻ ശ്രമിക്കുന്നതിൽ അത്ഭുതമാണ് തോന്നുന്നത്. ആദർശ പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നവർക്കുമേൽ അതിനെ തകിടം മറിച്ചവർ ഇത്തരം ആക്ഷേപങ്ങൾ കെട്ടിവെക്കുന്നത് അവരുടെ ദുര്യോഗവുമാണ്. പ്രമാണ നിഷേധം ഇപ്പോഴും തുടരുന്നവരല്ലേ യഥാർഥത്തിൽ വ്യതിയാനക്കാർ? മലക്കുകളെയും ജിന്നുകളെയും സാക്ഷാൽ അഭൗതിക സൃഷ്ടികളാക്കി ശിർക്കിന്റെ പ്രചാരണം സുതാര്യമാക്കാൻ പുരോഹിതന്മാർക്ക് സൗകര്യമൊരുക്കിയവർ പ്രാർഥനയും സഹായതേട്ടവും അല്ലാഹുവിന് മാത്രം നൽകുന്നവരെ ഇപ്രകാരം കളിയാക്കുന്നത് പരലോകം നഷ്ടപ്പെടുത്തുന്ന കളിയാണെന്നത് തിരിച്ചറിയുന്നത് നന്ന്.

**ഇസ്‌ലാഹിലെ ലേഖനവും ശബാബിലെ മറുപടിയും ഒന്നുതന്നെ!**

മുസ്‌ലിയാക്കന്മാരുടെ വിതണ്ഡവാദങ്ങൾക്ക് പ്രാമാണികമായി മറുപടി നൽകിയിരുന്ന പണ്ഡിതനായിരുന്നു തുറക്കൽ പി.അബ്ദുൽ ജബ്ബാർ മൗലവി. 2007 ഏപ്രിൽ മാസം ഇസ്‌ലാഹിൽ ‘അമ്പലക്കടവിന്റെ അതിഗംഭീര ചോദ്യങ്ങൾ’ എന്ന പേരിൽ അദ്ദേഹം എഴുതിയ ലേഖനത്തിലെ  ഏതാനും വരികൾ മാത്രം എടുത്തുകാട്ടി മുജാഹിദുകൾക്ക് നേരെ ശക്തമായ ശിർക്കാരോണം ഉയർന്നു. സമസ്തക്കാർ തിരി കൊളുത്തിയ ആരോപണം ഇവരും ചേർന്ന് ആളിക്കത്തിച്ചു. ആരോപണവുമായി മുക്കുമൂലകളിൽ ഓടിനടന്നെങ്കിലും ഒരു പദംകൊണ്ട് പോലും ആ ലേഖനം ശിർക്കിന് കളമൊരുക്കിയിട്ടുണ്ടെന്ന് തെളിയിക്കാൻ ആർക്കും കഴിഞ്ഞില്ല.

മൗലവി ലേഖനത്തിൽ പരാമർശിച്ച അതേ ആശയം ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി(റഹി) 2005 ഫെബ്രുവരി 4ലെ ശബാബിൽ എഴുതിയതും അത് ‘പ്രാർഥന, തൗഹീദ്, ചോദ്യങ്ങൾക്ക് മറുപടി’ എന്ന പേരിൽ പുസ്തകമായി പുറത്തിറക്കിയതുമാണ്. ശബാബിലെ മറുപടി ഉപയോഗിച്ച് ആരോപണത്തെ പ്രതിരോധിച്ചപ്പോൾ ശരിക്കും ഭ്രാന്ത് പിടിച്ച അവസ്ഥയിലായിരുന്നു ഇക്കൂട്ടർ. ശബാബ് സിൽവർ ജൂബിലി പതിപ്പിലെ ലേഖകനും ഉരുണ്ട് മറിയുന്നത് കാണുക:

“ജിന്നിനോടും മലക്കിനോടും സഹായം തേടുന്നത് തെറ്റല്ലെന്ന് വ്യക്തമാക്കാനാണ് ഇസ്‌ലാഹ് മാസികയിലെ ഉദ്ധരണിയെങ്കിൽ അത് പൂർണമായും തെറ്റാണെന്ന് സ്ഥാപിക്കാനാണ് ശബാബിന്റെ വരികൾ. എന്നിട്ടുകൂടി തങ്ങളുടെ പിഴച്ചവാദത്തിന് ശബാബിന്റെ വരികളെ കൂട്ടുപിടിക്കാൻ സാഹസപ്പെടു കയാണ് നവയാഥാസ്ഥിതികർ” (പേജ് 362).

മരണപ്പെട്ടവരോട് നടത്തുന്ന പ്രാർഥനയും സഹായതേട്ടവും ശിർക്കാണെന്ന് സ്ഥാപിക്കുന്ന ലേഖനത്തിൽ

മലക്ക്, ജിന്ന് തുടങ്ങിയ സൃഷ്ടികളോട് തേടുന്നത് ശിർക്കല്ലെന്ന് പറയുമോ?

ചെറിയമുണ്ടം എഴുതിയതും അബ്ദുൽ ജബ്ബാർ മൗലവി എഴുതിയതും ഒരുമിച്ചൊന്ന് വായിക്കാം. ചെറിയമുണ്ടം എഴുതുന്നു:

"അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവു നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർഥനയാണെന്ന് പറയാവുന്നതല്ല" (പേജ് 37).

ഇനി ഇസ്‌ലാഹിലെ വരികൾ വായിക്കുക:

"പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ വഴിയറിയാതെ നടന്നുനീങ്ങുന്ന ഒരാൾ പരിസരത്ത് ആരെയും കാണിന്നില്ല, ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും (മനുഷ്യൻ, മലക്ക്, ജിന്ന്) എന്നെ സഹായിക്കട്ടെ എന്ന് നിനച്ച് പടപ്പുകളേ എന്നെ സഹായിക്കണേ, എനിക്കു വഴി കാണിച്ചു തരണേ എന്ന് ഉച്ചത്തിൽ വിളിച്ചുപറയുന്നുവെങ്കിൽ അഭൗതിക മാർഗത്തിലുള്ള സഹായതേട്ടം അതിലില്ല" (പേജ് 42).

രണ്ടിലുമുള്ള ആശയ സാമ്യത പകൽ വെളിച്ചം പോലെ വ്യക്തമാണ്. കണ്ണടച്ച് ഇരുട്ടാക്കുന്നവർക്ക് എല്ലാം ഇരുണ്ടതായിരിക്കും. മറ്റൊരു വിശദീകരണമെന്നോണം ശബാബ് 2009 ഡിസംബർ 11ൽ ആവർത്തിച്ചതും തഥൈവ!

ശബാബ് ലേഖകൻ കിടന്ന് മെഴുകുന്നത് കാണുക: "ചുരുക്കത്തിൽ, വിജനപ്രദേശത്തെ ജിന്ന് തേട്ടം സംബന്ധിച്ച ശബാബിലെ ഉദ്ധരണിയും ഇസ്‌ലാഹ് മാസികയിലെ അപകടകരമായ വാദങ്ങളും തമ്മിൽ അജഗജാന്തരമുണ്ട്. കേവലം പദസാമ്യതകളെ മറയാക്കി ശിർക്കിന് അടിത്തറയിടാനുള്ള ഇവരുടെ ശ്രമങ്ങൾ ബുദ്ധിയുള്ളവർക്ക് മുന്നിൽ ദയനീയമായി പരാജയപ്പെടുകയാണ്" (പേജ് 368).

മറുപടി നൽകുമ്പോൾ ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നത് അലങ്കാരത്തിനല്ല, മറുപടി മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണെന്ന് ആലോചിക്കാനുള്ള 'ബുദ്ധി' ലേഖകനുണ്ടായിരുന്നെങ്കിൽ ഇങ്ങനെ ദയനീയമായൊരു കുറ്റസമ്മതം നടത്തേണ്ടിവരില്ലായിരുന്നു. രണ്ടും തമ്മിൽ 'പദസാമ്യത'യുണ്ടെന്ന് ബോധ്യപ്പെട്ടിരിക്കെ ആശയവൈരുധ്യം എന്തെന്ന് വിശദീകരിക്കാത്തതെന്താണ്?

ശബാബിന്റെ പല ലക്കങ്ങളിലും ഇവർ അന്ധവിശ്വാസമെന്ന് മുദ്രയടിച്ച ജിന്ന്, പിശാച്, സിഹ്റ്, കണ്ണേറ്, മന്ത്രം എന്നീ വിഷയങ്ങളിൽ വന്ന ലേഖനങ്ങളും മറുപടികളും അതേപടി അവശേഷിക്കുന്നുണ്ട്. അതെല്ലാം വിശകലനം നടത്തുമ്പോഴും അവർ കുഴങ്ങുകയാണ്. ലേഖകൻ അതിന് കണ്ടെത്തിയ ന്യായം കൂടി വായിക്കാം:

"ജിന്ന് വിഷയത്തിൽ പ്രധാനമായും ശബാബിനെതിരെ പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവയൊക്കെയും ഇത് പോലെ, അബദ്ധങ്ങളോ ഗവേഷണാത്മകമായ വീക്ഷണ വ്യത്യാസങ്ങളോ അറിവുകേടുകളോ തിരുത്തപ്പെട്ടുപോയ അഭിപ്രായങ്ങളോ സന്ദർഭങ്ങളിൽനിന്ന് അടർത്തിയെടുക്കപ്പെട്ടവയോ ആണെന്നത് ഒരു വസ്തുതയാണ്" (പേജ് 360).

പ്രമാണങ്ങളോടൊപ്പം സഞ്ചരിക്കുന്നവരുടെ കൈകളിൽ ശബാബ് ഉണ്ടായിരുന്നപ്പോൾ എടുത്ത അതിന്റെ നിലപാടുകൾ തങ്കപ്പെട്ടതായിരുന്നു. എന്നാൽ പ്രമാണ 'നീരസം' പിടിപെട്ടവരുടെ പിടുത്ത ത്തിലായതിൽ പിന്നെ നിലപാടുകളില്ലാതെ അത് തളർന്ന് പോയിട്ടുമുണ്ട്. ■

**കൂടെയുള്ളവരെ കൂട്ടിലടക്കാൻ ഒരുപക്ഷേ, ഈ വരികൾ കൊണ്ട് കഴിഞ്ഞേക്കാം. എന്നാൽ ചരിത്ര സത്യത്തെ കറുപ്പിക്കാനൊന്നും ഇതുകൊണ്ട് കഴിയില്ല. ആർക്കുമറിയുന്ന ചരിത്ര വസ്തുതയെ ഇങ്ങനെ തമസ്കരിക്കാൻ ശ്രമിക്കുന്നതിൽ അത്ഭുതമാണ് തോന്നുന്നത്.**

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ وَمَا عِلْمِى بِمَا كَانُوا يَعْمَلُونَ ﴿١١٢﴾

إِنْ حِسَابُهُمْ إِلَّا عَلَىٰ رَبِّى ۖ لَوْ تَشْعُرُونَ ﴿١١٣﴾

وَمَا أَنَا بِطَارِدِ الْمُؤْمِنِينَ ﴿١١٤﴾

إِنْ أَنَا إِلَّا نَذِيرٌ مُّبِينٌ ﴿١١٥﴾

112. അദ്ദേഹം പറഞ്ഞു: അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി എനിക്ക് എന്തറിയാം?

113. അവരെ വിചാരണ നടത്തുക എന്നത് എന്റെ രക്ഷിതാവിന്റെ ബാധ്യത മാത്രമാകുന്നു. നിങ്ങൾ ബോധമുള്ളവരായെങ്കിൽ!

114. സത്യവിശ്വാസികളെ ഞാൻ ഒരിക്കലും ആട്ടിക്കളയുന്നതല്ല.

115. ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാകുന്നു.

*112-115). അപ്പോൾ നൂഹ് നബി(അ) പറഞ്ഞു: (അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി എനിക്കെന്തറിയാം? അവരെ വിചാരണ നടത്തുക എന്നത് എന്റെ രക്ഷിതാവിന്റെ ബാധ്യത മാത്രമാകുന്നു. നിങ്ങൾ ബോധമുള്ളവരായെങ്കിൽ!) അവരുടെ പ്രവൃത്തികളുടെ വിചാരണ അല്ലാഹുവാണ് ചെയ്യുന്നത്. ഞാൻ ചെയ്യേണ്ടത് സന്ദേശം കൈമാറുക മാത്രമാണ്. ഞാൻ സത്യമാണ് കൊണ്ടുവന്നതെങ്കിൽ അവരെക്കുറിച്ച് വിഷമിക്കേണ്ടതില്ല. അതിനു കീഴൊതുങ്ങുക. അവരവരുടെ പ്രവൃത്തികൾക്ക് അവർ തന്നെയാണ് ഉത്തരവാദികൾ. (സത്യവിശ്വാസികളെ ഞാൻ ഒരിക്കലും ആട്ടിക്കളയുന്നതല്ല) അവർ കാരണം വിശ്വസിച്ചവരെ ഓടിക്കില്ല. ആട്ടിയോടിക്കപ്പെടാനും അപമാനിക്കപ്പെടാനും അവർ അർഹരല്ല. മറിച്ച് അവർ വാക്കിലും പ്രവൃത്തിയിലും ബഹുമാനിക്കപ്പെടാൻ അർഹരാണ്. അല്ലാഹു മറ്റൊരിടത്ത് പറയുന്നു:*

وَإِذَا جَاءَكَ الَّذِينَ يُؤْمِنُونَ بِآيَاتِنَا فَقُلْ سَلَامٌ عَلَيْكُمْ ۖ كَتَبَ رَبُّكُمْ عَلَىٰ نَفْسِهِ الرَّحْمَةَ ۖ

*"നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിന്റെ അടുക്കൽ വന്നാൽ നീ പറയുക: നിങ്ങൾക്ക് സമാധാനം ഉണ്ടായിരിക്കട്ടെ. നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തന്റെ മേൽ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു"(6:54)*

*(ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാകുന്നു) ഞാൻ അല്ലാഹുവിന്റെ സന്ദേശം കൈമാറുന്ന ഒരു താക്കീതുകാരനാണ്. ആളുകൾക്ക് ആത്മാർഥമായി ഉപദേശങ്ങൾ നൽകാൻ ഞാൻ ശ്രമിക്കുന്നു. ഈ കാര്യത്തിൽ എനിക്ക് സ്വന്തമായി ഒരു അധികാരവുമില്ല; അല്ലാഹുവിനല്ലാതെ.*

قَالُوا لَئِن لَّمْ تَنتَهِ يَا نُوحُ لَتَكُونَنَّ مِنَ الْمَرْجُومِينَ ﴿١١٦﴾

116. അവർ പറഞ്ഞു: നൂഹേ, നീ (ഇതിൽനിന്നു) വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞുകൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.

*116). നൂഹ് നബി(അ) രാത്രിയും പകലും രഹസ്യമായും പരസ്യമായും അവരെ വിളിച്ചുകൊണ്ടിരുന്നു. പക്ഷേ, അവർക്ക് വെറുപ്പ് വർധിക്കുക മാത്രമാണ് ചെയ്തത്. (അവർ പറഞ്ഞു: നൂഹേ, നീ-ഇതിൽനിന്ന്- വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞുകൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും) അല്ലാഹുവിലേക്ക് മാത്രമായി നീ ഞങ്ങളെ ക്ഷണിക്കുന്നതിൽനിന്ന് നീ പിന്മാറുന്നില്ലെങ്കിൽ ഞങ്ങൾ നിന്നെ ഏറ്റവും മോശമായ രീതിയിൽ കല്ലെറിഞ്ഞുകൊല്ലും. അതായത്, നായകളെ കൊല്ലുന്നതുപോലെ! അവർ നശിക്കട്ടെ! ഈ പ്രതികരണം എത്ര വൃത്തികെട്ടതാണ്. ആത്മാർഥതയുള്ളവനും സത്യസന്ധനും സ്വന്തത്തെക്കാളും അവരോട് വാത്സല്യം കാണിക്കുന്നവനുമായ ഒരു മനുഷ്യനോടുള്ള പ്രതികരണം എത്ര മോശം!*

قَالَ رَبِّ إِنَّ قَوْمِى كَذَّبُونِ ﴿١١٧﴾

117. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത എന്നെ നിഷേധിച്ചു തള്ളിയിരിക്കുന്നു.

فَافْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ الْمُؤْمِنِينَ ﴿١١٨﴾

118. അതിനാൽ എനിക്കും അവർക്കുമിടയിൽ നീ ഒരു തുറന്ന തീരുമാനമെടുക്കുകയും എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ.

അദ്ദേഹം പറഞ്ഞു: (എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത എന്നെ നിഷേധിച്ചുതള്ളിയിരിക്കുന്നു). അതിനാൽ എനിക്കും അവർക്കും ഇടയിൽ നീയൊരു തുറന്ന തീരുമാനം എടുക്കുക. ഞങ്ങളിലെ അതിക്രമികളെ നശിപ്പിക്കുക. അവർ അക്രമികളാണെന്ന് അദ്ദേഹത്തിന് അറിയാം. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്: (എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ).

*117,118. അതിശയിക്കേണ്ടതില്ല. അവരുടെ അക്രമം പരിധി വിടുകയും നിഷേധം ശക്തമാവുകയും ചെയ്തപ്പോൾ അവരുടെ പ്രവാചകൻ അവർക്കെതിരെ പ്രാർഥിച്ചു:*

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى الْأَرْضِ مِنَ الْكَافِرِينَ دَيَّارًا ﴿٢٦﴾

*"എന്റെ രക്ഷിതാവേ, ഭൂമുഖത്ത് സത്യനിഷേധികളിൽപെട്ട ഒരു പൗരനെയും നീ വിട്ടേക്കരുതേ" (71:26).*

---

فَأَنجَيْنَاهُ وَمَن مَّعَهُ فِى الْفُلْكِ الْمَشْحُونِ ﴿١١٩﴾

119. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും ഭാരം നിറക്കപ്പെട്ട കപ്പലിൽ നാം രക്ഷപ്പെടുത്തി.

ثُمَّ أَغْرَقْنَا بَعْدُ الْبَاقِينَ ﴿١٢٠﴾

120. പിന്നെ ബാക്കിയുള്ളവരെ അതിനുശേഷം നാം മുക്കി നശിപ്പിക്കുകയും ചെയ്തു.

إِنَّ فِى ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٢١﴾

121. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٢٢﴾

122. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

*119-122. (അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നാം രക്ഷപ്പെടുത്തി). (ഭാരം നിറക്കപ്പെട്ട) കപ്പലിൽ. മനുഷ്യരും മൃഗങ്ങളും നിറഞ്ഞ കപ്പലിൽ. (പിന്നെ ബാക്കിയുള്ളവരെ അതിനുശേഷം നാം മുക്കിനശിപ്പിക്കുകയും ചെയ്തു) നൂഹി(അ)നും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികൾക്കും ശേഷം. (ബാക്കിയുള്ളവരെ) തന്റെ ജനതയിലെ ബാക്കിവരുന്ന മുഴുവനാളുകളെയും. (തീർച്ചയായും അതിൽ) നൂഹിനെയും അദ്ദേഹത്തിന്റെ അനുയായികളെയും രക്ഷിച്ചതിലും അദ്ദേഹത്തിൽ അവിശ്വസിച്ചവരെ നശിപ്പിച്ചതിലും. (ദൃഷ്ടാന്തമുണ്ട്) നമ്മുടെ ദൂതന്മാരുടെ സത്യതയിലേക്കും അവർ കൊണ്ടുവന്ന സന്ദേശത്തിന്റെ വിശ്വസ്തതയിലേക്കും അവരെ നിരസിച്ച ശത്രുക്കൾ വിശ്വസിച്ച അസത്യത്തിലേക്കും വിരൽചൂണ്ടുന്ന ഒരു അടയാളമാണിത്.*

*(തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും) തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് തന്റെ ശക്തിയാൽ ശത്രുക്കളെ കീഴടക്കിയ സർവശക്തനാണ്. അതിനാൽ അവനവരെ വെള്ളപ്പൊക്കത്തിൽ മുക്കി. (കരുണാനിധിയും) തന്റെ ആത്മമിത്രങ്ങളോടു കരുണ കാണിക്കുന്നവനും. കാരണം, അവൻ നൂഹ് നബിയെയും അദ്ദേഹത്തിന്റെ കൂടെയുള്ള വിശ്വാസികളെയും രക്ഷപ്പെടുത്തി.*

---

كَذَّبَتْ عَادٌ الْمُرْسَلِينَ ﴿١٢٣﴾

123. ആദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി.

*123. 'ആദ്' എന്ന് വിളിക്കപ്പെടുന്ന ഗോത്രവും അവരുടെ ദൂതനായ ഹൂദിനെ കളവാക്കി; മറ്റു പ്രവാചകന്മാരെ കളവാക്കിയതുപോലെ. അവരെല്ലാം പ്രബോധനം ചെയ്തത് ഒന്നായിരുന്നു.*



# മഴയിൽ അലിഞ്ഞ മനങ്ങൾ!

സിനി. ടി. കെ, മണ്ണാർക്കാട്

മൂന്നാം ദിവസവും മഴയ്ക്ക് ശമനമില്ലായിരുന്നു. ആകാശം ഭൂമിയിലേക്ക് വെള്ളമെല്ലാം കോരിച്ചൊരിയാൻ തീരുമാനിച്ചതുപോലെ മഴ പെയ്തുകൊണ്ടിരുന്നു. പുഴകൾ കരകവിഞ്ഞൊഴുകി. നെൽവയലുകൾ തടാകങ്ങളായി മാറി. മനുഷ്യർ വീടുകൾ വിട്ട് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പോകുമ്പോൾ, അവരുടെ കൃഷിയിടങ്ങളും സ്വപ്നങ്ങളുമെല്ലാം വെള്ളത്തിൽ ഒഴുകിപ്പോകുകയായിരുന്നു.

ഗ്രാമത്തിന്റെ അറ്റത്തുള്ള പഴയ ഓടിട്ട ആ വീട്ടിൽ എഴുപത്തിയഞ്ചുകാരനായ അബ്ദുറഹ്മാൻ ഒറ്റയ്ക്കായിരുന്നു. രണ്ടു മക്കളാണുള്ളത്. രണ്ടുപേരും വിദേശത്താണ്. ഭാര്യ മരിച്ചിട്ട് വർഷങ്ങളായി. വല്ലപ്പോഴുമൊക്കെ അവരുടെ ഫോൺവിളി വന്നാലായി. എല്ലാവരും വീടുവിട്ട് പോയിത്തുടങ്ങിയിട്ടും തന്റെ ഭാര്യയുടെ ഓർമകൾ തളംകെട്ടി നിൽക്കുന്ന വീട്ടിൽനിന്ന് ദുരിതാശ്വാസ ക്യാമ്പിലേക്ക് പോകാൻ അദ്ദേഹം മടിച്ചു.

രാത്രിയോടെ വെള്ളം മുറ്റം കടന്ന് അകത്തേക്ക് കയറിത്തുടങ്ങി. കട്ടിലിന്റെ കാലുകൾ വെള്ളത്തിൽ മുങ്ങി. അപ്പോഴാണ് പുറത്തുനിന്ന് ആരോ ഉറക്കെ വിളിച്ചത്:

‘അബ്ദുക്കാ, വേഗം വരൂ... ഇനി ഇവിടെ നിൽക്കാൻ പറ്റില്ല!’

ടോർച്ചിന്റെ വെളിച്ചത്തിൽ കണ്ട മുഖം അദ്ദേഹത്തെ വർഷങ്ങൾ പിന്നിലേക്ക് കൊണ്ടുപോയി. അത് അയൽവാസി രാഘവനായിരുന്നു.

മുപ്പത് വർഷം മുമ്പ്, ചെറിയൊരു അതിർത്തിത്തർക്കത്തിന്റെ പേരിൽ ഇരുവരും പിണങ്ങിയതാണ്. പിന്നീട് തമ്മിൽ സംസാരിച്ചിട്ടേയില്ല. വർഷങ്ങൾ കടന്നുപോയെങ്കിലും അവരുടെ മനസ്സിലെ മതിൽ ഇടിഞ്ഞിരുന്നില്ല. എന്നാൽ ആ രാത്രി പെരുമഴ ആ മതിൽ തകർത്തുകളഞ്ഞു. രാഘവൻ കൈ നീട്ടി. ഇത് പഴയ പിണക്കത്തെക്കുറിച്ച് പറയാനുള്ള സമയമല്ല. ജീവൻ രക്ഷിക്കാം. ഒരു നിമിഷം മടിച്ചുനിന്ന റഹ്മാൻ ഒടുവിൽ ആ കൈയിൽ മുറുകെ പിടിച്ചു. അപ്പോഴേക്കും വെള്ളം അരയോളം ഉയർന്നിരുന്നു. മഴ പെയ്യുന്നുണ്ടെങ്കിലും കൈകൾ തമ്മിൽ ചേർത്തുപിടിച്ചപ്പോൾ അപൂർവമായ ഒരു ചൂട് ഇരുവർക്കും അനുഭവപ്പെട്ടു.

ദുരിതാശ്വാസ ക്യാമ്പിൽ ഇരുവരും ഒരേ പുതപ്പ് പങ്കിട്ടു. വർഷങ്ങളായി പറയാതെ മനസ്സിൽ സൂക്ഷിച്ച കാര്യങ്ങൾ അന്ന് അവർ തമ്മിൽ സംസാരിച്ചു. ചൂടുള്ള കഞ്ഞി കോരിക്കുടിക്കവെ രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അവരുടെ മുപ്പത് വർഷത്തെ അകലം ഇല്ലാതാക്കുന്ന ചൂടുള്ള കണ്ണുനീർ.

ദിവസങ്ങൾക്കു ശേഷം മഴ മാറിനിന്നു. സൂര്യന് തിളക്കം വർധിച്ചു. കിളികളുടെ കലപിലയൊച്ച കേൾക്കാനായി. ഗ്രാമം പതുക്കെ ജീവിതത്തിലേക്ക് മടങ്ങി. വീടുകൾ ശുദ്ധീകരിക്കാൻ യുവാക്കൾ മുന്നിട്ടിറങ്ങി. കേടുപാടുകൾ തീർത്തു. പാടെ തകർന്നവ പുനർനിർമിക്കാൻ പല സുമനസ്സുകളും മുന്നോട്ടു വന്നു. വഴികൾ വീണ്ടും തെളിഞ്ഞു. അബ്ദുറഹ്മാനും രാഘവനും എല്ലാ വൈകുന്നേരവും ഒരേ വഴിയിലൂടെ ഒന്നിച്ചു നടക്കാൻ തുടങ്ങി. നാട്ടുകാർ അത്ഭുതത്തോടെ അത് നോക്കിനിന്നു.

നിസ്സാരമായ പ്രശ്നങ്ങളുടെ പേരിൽ രക്തബന്ധം പോലും അറുത്തുമാറ്റുന്നവരേ, ജീവിതം ശാശ്വതമല്ല. ആയുസ്സ് നന്മയിൽ ചെലവഴിക്കുക. നന്മയുടെ അടയാളങ്ങൾ ബാക്കിവെച്ച് ഈ ലോകത്തോട് യാത്ര പറയാൻ ഒരുങ്ങുക. പരീക്ഷണങ്ങളിൽ കാലിടറാതെയും അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചും ജീവിക്കുക.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 01 August 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th

WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



2026

**SEPTEMBER**

**11 12 13**

# PALAKKAD

WISDOM students

KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT